പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 91 — 27.11.2008 ൽ മറുപടിക്ക്

## ന്യൂനപക്ഷ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേക വകുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേക വകുപ്പിന് രൂപം കൊടുത്തിട്ടുണ്ടോ എന്നറിയിക്കുമോ ? | (എയും ബിയും) | ന്യൂനപക്ഷക്ഷേമം സംബന്ധിച്ചുള്ള പദ്ധതികൾ ഇപ്പോൾ വിവിധ വകുപ്പുകളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിന് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇപ്പോൾ സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിന്റെ കീഴിൽ ഒരു ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പ്രസ്തുത സെൽ ഘട്ടംഘട്ടമായി വിപുലീകരിച്ച് സെക്രട്ടറിയേറ്റിൽ ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ലാർക്ക് തസ്തിക വീതം സൃഷ്ടിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം നൽകുമോ? | | |
| (സി) | ന്യൂനപക്ഷ പദ്ധതികൾ നടപ്പാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള നിർവ്വഹണ സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ? | (സി) | സാമൂഹ്യക്ഷേമം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, തൊഴിൽ, പട്ടിക ജാതി പട്ടികവർഗ്ഗ വികസനം, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാരം, റവന്യൂ, ആഭ്യന്തരം, മത്സ്യബന്ധനം തുടങ്ങിയ വകുപ്പുകൾ മുഖാന്തിരമാണ് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത്. ന്യൂനപക്ഷ ക്ഷേമത്തിനുള്ള പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടികളുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും, ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്/സ്റ്റൈപന്റ് എന്നിവ അനുവദിക്കുന്നതിനും ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അഞ്ച് പരിശീലന കേന്ദ്രങ്ങൾ |

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| | | | ആരംഭിക്കുന്നതിനും നടപടികളെടുക്കുന്നതിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായ വയനാടിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ വയനാട് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് . എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ലാർക്ക് തസ്തിക വീതം സൃഷ്ടിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ദഖ്നി, കച്ചി, മേമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ചേർക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ പിന്നോക്ക വിഭാഗ കമ്മീഷനെയും, മദ്രസ്സകളിൽ ജോലി നോക്കുന്ന അദ്ധ്യാപകരുടെ വിവരം ശേഖരിക്കാൻ പഞ്ചായത്ത് ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി പ്രകാരം സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നും അതിന് എത്ര തുക വേണ്ടി വരുമെന്നും കേന്ദ്രത്തെ അറിയിച്ചുവോ എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | വിദ്യാഭ്യാസ മേഖലയിൽ സ്കോളർഷിപ്പുകൾ, പിന്നോക്ക ന്യൂനപക്ഷ പ്രദേശങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കൽ, ഐ.സി.ഡി.എസ്, ഐ.എ.വൈ, എസ്.ജി.എസ്.വൈ, എസ്.ജി.എസ്.ആർ.വൈ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അർഹമായ വിഹിതം ഉറപ്പാക്കൽ, ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷനിൽ നിന്ന് വായ്പ ലഭ്യമാക്കൽ, വർഗീയ വിദ്വേഷങ്ങളും അക്രമങ്ങളും തടയുക തുടങ്ങിയവയാണ് പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുന്നത്. ഇവയിൽ സ്കോളർഷിപ്പുകൾ ഒഴികെയുള്ളവയ്ക്ക് വ്യത്യസ്ത സ്കീമുകൾക്കുള്ള കേന്ദ്ര സഹായത്തിന്റെ 15 ശതമാനം ന്യൂനപക്ഷങ്ങൾക്കു വേണ്ടി ചെലവഴിക്കുകയാണ് ചെയ്യുന്നത്. വിദ്യാഭ്യാസം, ആഭ്യന്തരം, പട്ടിക വിഭാഗ വികസനം, ഫിഷറീസ്, സാമൂഹ്യക്ഷേമം, തദ്ദേശഭരണം തുടങ്ങിയ വകുപ്പുകൾ വഴിയാണ് ഈ സ്കീമുകൾ നടപ്പിലാക്കുന്നത്. അത്തരത്തിൽ ന്യൂനപക്ഷ പ്രദേശങ്ങൾക്കായി 2476 അംഗനവാടികൾ അനുവദിച്ചിട്ടുണ്ട്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ന്യൂനപക്ഷങ്ങൾക്കു വേണ്ടി നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. ദേശീയ ന്യൂനപക്ഷ കോർപ്പറേഷനിൽ നിന്ന് മത്സ്യ ഫെഡ് വഴി 1415 ലക്ഷം രൂപയും വനിതാ വികസന കോർപ്പറേഷൻ വഴി 524 ലക്ഷം രൂപയും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി 4850 ലക്ഷം രൂപയും 2007 |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | | | 2008 ൽ വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ/ പോസ്റ്റ് ഗ്രാഡ്വേറ്റ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 2007-08 ൽ 1785 കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു. ഈ സ്കോളർഷിപ്പുകൾ നൽകുന്നതിനും സ്കോളർഷിപ്പ് ജോലികൾ ചെയ്യുന്നതിനുള്ള ഐ.റ്റി സെല്ലിനുമായി മൂന്നു കോടി തൊണ്ണൂറ്റി ആറു ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുന്നൂറ്റി പതിനേഴ് (3,96,85,717/-)രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. 2008-09 ൽ തുടങ്ങിയ പ്രീ മെട്രിക് സ്കോളർഷിപ്പിന് ഒമ്പത് ലക്ഷത്തി നാൽപതിനായിരത്തി ഒരുനൂറ്റി മുപ്പത്തിയെട്ട് (9,40,138/-) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 29,380 ആണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. ഇത് രണ്ടു ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി പന്ത്രണ്ട് (2,17,412/-) ആയി ഉയർത്തുന്നതിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. ന്യൂനപക്ഷ പ്രദേശങ്ങളിൽ 10 ഐ.ടി.ഐകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ന്യൂനപക്ഷ ക്ഷേമത്തിനുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടികളുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | ഇക്കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പതിനഞ്ചിന പരിപാടിയിൽ നിർദ്ദേശിച്ച പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള വകയിരുത്തൽ (2007-08)

(രൂപ ലക്ഷത്തിൽ)

| പദ്ധതി | മൊത്തം അടങ്കൽ | ന്യൂനപക്ഷങ്ങൾക്ക് | ഒക്ടോബർ വരെ ചെലവഴിച്ചത് |
|---|---|---|---|
| SGSY | 3932.07 | 552.98 | 226.68 |
| IAY | 10186.83 | 1646.1 | 908.65 |
| SGRY | 9534.75 | | 916.67 |
| SJSRY | 953.22 | 135.91 | |

Section Officer

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 92 27.11.2008-ലെ മറുപടിയ്ക്ക്

### ഇ.എസ്.ഐ.ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ബി.രാഘവൻ :<br>ശ്രീ. മുനത്തലവട്ടം ആനന്ദൻ :<br>ശ്രീ. സി.കെ.ദിവാകരൻ :<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ :<br>ശ്രീ.എ.എം.യൂസഫ് : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ.എസ്.ഐ.ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) ഇ.എസ്.ഐ.കോർപ്പറേഷൻെറ നിർദ്ദേശ പ്രകാരം പരിഷ്കരിച്ച ആശുപത്രി വികസന സമിതികൾ എല്ലാ ആശുപത്രികളിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രിയുടെ വികസനത്തിനും പുരോഗതിക്കുമായി പരമാവധി 40 ലക്ഷം രൂപ വരെ ചെലവാക്കുവാൻ ഈ സമിതികൾക്ക് അധികാരമുണ്ട്. അതിവിദഗ്ദ്ധ ചികിത്സാ സംവിധാനങ്ങൾ തികച്ചും സൗജന്യമായി ലഭ്യമാക്കുന്നതിനായി സ്വകാര്യ ആശുപത്രികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ എംപാനൽമെൻറ് നടപടികൾ ഇ.എസ്.ഐ.കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്. ഈ പദ്ധതി നടപ്പിലാകുന്നതോടെ കേരളത്തിലെ ഇ.എസ്.ഐ.ഗുണഭോക്താക്കൾക്ക് സ്വകാര്യ ആശുപത്രികളിലും മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതാണ്.. കേരളത്തിലെ എല്ലാ ഇ.എസ്.ഐ.ആശുപത്രികളിലും crash programme പ്രകാരം പ്രഖ്യാപിക്കപ്പെട്ട കെട്ടിട പുനരുദ്ധാരണ പ്രവർത്തനങ്ങൾ അന്ത്യഘട്ടത്തിലാണ്. എല്ലായിടത്തും അത്യാഹിത വിഭാഗം നവീകരിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.മുഖാന്തിരവും കോൺട്രാക്റ്റ് അടിസ്ഥാനത്തിലും നികത്തിവരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ അഡ്വാൻസിന് ഗുണഭോക്താക്കളുടെ ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപ എന്ന പരിധി എടുത്തുകളഞ്ഞിട്ടുണ്ട്. കൂടാതെ ഇതിനായുള്ള അപേക്ഷകൾ ഡയറക്ടർക്കും ജോയിൻറ് ഡയറക്ടർക്കും പാസ്സാക്കാൻ അനുമതി നല്കിയതിനാൽ കാലതാമസം പരമാവധി ഒഴിവാക്കിയിട്ടുണ്ട്. സാംക്രമിക രോഗങ്ങൾ, തൊഴിൽജന്യരോഗങ്ങൾ, ജീവിതശൈലീരോഗങ്ങൾ എന്നിവയുടെ |

....2/-

പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓരോ ഗുണഭോക്താവിനും 20 രൂപ നിരക്കിൽ തുക കൂടുതലായി അനുവദിച്ച് ചെലവുകൾ പൂർണ്ണമായും ഇ.എസ്.ഐ.കോർപ്പറേഷൻ തന്നെ വഹിക്കാമെന്ന് ഏറ്റിട്ടുണ്ട്. ആശുപത്രികളിലും ഡിസ്പെൻസറികളിലും സ്റ്റോക്കില്ലാത്ത മരുന്നുകൾ അടിയന്തിര ഘട്ടങ്ങളിൽ ഗുണഭോക്താക്കൾക്ക് പുറത്തുനിന്ന് വാങ്ങേണ്ടിവരാറുണ്ട്. ഇത് പൂർണ്ണമായും ഒഴിവാക്കി ഗുണഭോക്താക്കൾക്ക് "Cashless" സൗകര്യം ഒരുക്കുന്നതിന് പ്രാദേശികമായി കെമിസ്റ്റുകളെ എംപാനൽ ചെയ്യുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. 2007-08-ൽ മെഡിക്കൽ റീഇംബേഴ്സ്മെൻറായി 4,37,74,986/- രൂപയും അതിവിദഗ്ദ്ധ ചികിത്സയ്ക്കുള്ള അഡ്വാൻസായി 8,15,98,913/- രൂപയും അനുവദിക്കുകയുണ്ടായി.

(ബി) ഇ.എസ്.ഐ.കോർപ്പറേഷന് കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സംസ്ഥാന സർക്കാരിൻെറ അഭ്യർത്ഥന മാനിച്ച് ഇ.എസ്.ഐ.കോർപ്പറേഷൻ, പാരിപ്പള്ളി ഇ.എസ്.ഐ.ആശുപത്രിയിൽ, ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ കേരള സർക്കാർ ആരോഗ്യ വകുപ്പിൻെറ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും, കേരള സർവ്വകലാശാലയിൽ നിന്നും സമ്മതപത്രവും ഇ.എസ്.ഐ.കോർപ്പറേഷന് നൽകുകയും കോർപ്പറേഷൻ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ആരോഗ്യ വകുപ്പിന് സമർപ്പിക്കുകയും അപേക്ഷ കേന്ദ്ര ആരോഗ്യ വകുപ്പിൻെറ ശുപാർശയോടുകൂടി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന് സമർപ്പിച്ചിരിക്കുകയുമാണ്. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയിൽ നിന്നും 300 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുവാൻ ഇ.എസ്.ഐ.കോർപ്പറേഷൻ അനുവാദം തന്നിട്ടുണ്ട്. ഇതിൻെറ പശ്ചാത്തലത്തിൽ 300 കിടക്കകൾക്കാവശ്യമായ ജീവനക്കാരേയും കൂടുതൽ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഇ.എസ്.ഐ.കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൻെറ കെട്ടിടനിർമ്മാണത്തിനായി ഇ.എസ്.ഐ.ആശുപത്രി സ്ഥിതി ചെയ്യുന്ന 30 ഏക്കർ സ്ഥലം സർവ്വേ ചെയ്യുകയും കെട്ടിടത്തിൻെറ പ്ലാൻ ഇ.എസ്.ഐ.കോർപ്പറേഷൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ടെന്ന് കേന്ദ്ര തൊഴിൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(സി) ഇ.എസ്.ഐ.ആശുപത്രികളോട് അനുബന്ധിച്ച് നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) ഇ.എസ്.ഐ.ആശുപത്രികളോനുബന്ധിച്ച് നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് ഇ.എസ്.ഐ.കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് ഒരു സ്പെഷ്യൽ ഓഫീസർ സാദ്ധ്യതാപഠനം നടത്തുകയും എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും നഴ്സിംഗ് കോളേജ് ആരംഭിക്കാൻ ഇ.എസ്.ഐ.കോർപ്പറേഷനോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) പുതുതായി ഇ.എസ്.ഐ.ആശുപത്രികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 93 — 27.11.2008 ൽ മറുപടിക്ക്

# നഗരങ്ങൾക്കുള്ള കേന്ദ്രസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. കെ. അജിത്<br>ശ്രീ. വി.എസ്. സുനിൽകുമാർ | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന നഗരങ്ങൾക്കുള്ള കേന്ദ്രസഹായം തടഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (എ) | തടഞ്ഞിട്ടില്ല. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ ഘടകങ്ങളായ യു.ഐ.ജിയിലും ബി.എസ്.യു.പിയിലും നഗരവികസന പ്ലാൻ (CDP) പ്രകാരം സമർപ്പിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഒരു നിശ്ചിത തുക യു.ഐ.ജിക്കും ബി.എസ്.യു.പിക്കും വേണ്ടി നിജപ്പെടുത്തിയിരിക്കുകയാണ്. |
| (ബി) | നഗരങ്ങളിൽ ഓരോന്നിനും എത്ര കോടി രൂപ വീതമുള്ള പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത്. ഇതിൽ കേന്ദ്ര വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | യു.ഐ.ജിക്ക് വേണ്ടി 1003.23 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനം സമർപ്പിച്ചിരുന്നത്. അതിൽ 706.32 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. 296.61 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കാനുണ്ട്. പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം 1 - ൽ ചേർത്തിട്ടുണ്ട്.<br><br>യു.ഐ.ഡി.എസ്.എസ്.എം.ടി പ്രോജക്ടുകൾക്ക്, 574.93 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിരുന്നുവെങ്കിലും 218.48 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഐ.എച്ച്.എസ്.ഡി.പിക്ക് 146.09 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>(വിശദവിവരം അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്)<br>ബി.എസ്.യു.പിക്ക് 303.85 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇവക്ക് 80 ശതമാനം കേന്ദ്ര വിഹിതമാണ്. എന്നാൽ കൊച്ചി നഗരത്തിനനുവദിച്ച പദ്ധതികൾക്ക് കേന്ദ്രവിഹിതം 50 ശതമാനം മാത്രമാണ്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രസഹായം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്നും ഈ പദ്ധതിയുടെ കാലാവധി എതുവരെയെന്നും വെളിപ്പെടുത്താമോ? | (സി) | കേരള സുസ്ഥിര നഗര വികസന പദ്ധതിയേയും കുടുംബശ്രീയേയും, ചീഫ് ടൗൺ പ്ലാനറെയും വിവിധ പദ്ധതികളുടെ നോഡൽ ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടു കൂടി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും പദ്ധതി നിർവ്വഹണം നടത്തി വരികയുമാണ്. ചിട്ടയായ പദ്ധതി നിർവ്വഹണത്തിന് സംസ്ഥാനതലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളും നഗരസഭകളിൽ പ്രോജക്ട് നിർവ്വഹണ യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ കേന്ദ്ര സഹായം ലഭിക്കുന്നതിനു വേണ്ടി എം.പിമാരുടെ കോൺഫറൻസിൽ ആവശ്യപ്പെടുകയും തുടർന്ന് കേരള എം.പിമാർ ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2012 മാർച്ച് 31 വരെയാണ് പദ്ധതികളുടെ കാലാവധി. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 94 — 27.11.2008-ൽ മറുപടിയ്ക്ക്

## മത്സ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതി

**ചോദ്യം** — **മറുപടി**

ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ.പി. വിശ്വൻ
ശ്രീ.കെ.വി.അബ്ദുൾഖാദർ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു
ശ്രീ. കെ.കുഞ്ഞിരാമൻ

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായുള്ള മത്സ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

എ) മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കും എഞ്ചിനുകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി മത്സ്യബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും സംയുക്തമായാണ് പരിരക്ഷ നടപ്പിലാക്കുന്നത്. മത്സ്യബോർഡ് തയ്യാറാക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ പേര് രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുത്തിട്ടുള്ളവരും ഫിഷറീസ് വകുപ്പിൽ വള്ളം എഞ്ചിൻ എന്നിവ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുത്തിട്ടുള്ളവരുമായ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക.

ബി) പദ്ധതി നടപ്പാക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

ബി) ഇൻഷ്വറൻസ് പരിരക്ഷക്കായുള്ള അപേക്ഷയും പ്രീമിയവും സ്വീകരിച്ചു വരുന്നു. മത്സ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും മത്സ്യത്തൊഴിലാളികളെ ബോദ്ധ്യപ്പെടുത്തുന്നതിനായി വിപുലമായ പ്രചാരണം പത്രങ്ങളിലൂടെയും ദൃശ്യമാദ്ധ്യമങ്ങളിലൂടെയും ഈ മേഖലയിലെ പൊതു പ്രവർത്തകരിലൂടെയും നൽകുന്നുണ്ട്.

സി) മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങളും എഞ്ചിനുകളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര കോടി രൂപ ആവശ്യമായി വരും എന്ന് വെളിപ്പെടുത്തുമോ;

സി) 20700 യാനങ്ങൾക്കും 17236 എഞ്ചിനുകൾക്കുമാണ് ഇൻഷ്വറൻസ് പരിരക്ഷ വിഭാവനം ചെയ്യുന്നത്. ഇതിനു പ്രീമിയമായി കണക്കാക്കിയിരിക്കുന്നത് 5.11 കോടി രൂപയാണ്. എന്നാൽ ഒന്നാം ഘട്ടത്തിൽ 8800 യാനങ്ങൾക്കും 6350

എഞ്ചിനുകൾക്കുമായി പ്രീമിയം 2 കോടി രൂപ വേണ്ടിവരും. ഇതിന്റെ 50% തുകയായ 1കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഡി) ഇൻഷ്വറൻസ് പ്രീമിയം തുകയിൽ മത്സ്യത്തൊഴിലാളികൾ അടയ്ക്കേണ്ട വിഹിതം എത്രയാണ്;

ഡി) വള്ളത്തിന്റേയും എഞ്ചിന്റേയും നിശ്ചിത വിലയുടെ 1.8% മാണ് പ്രീമിയം തുക. ഇതിന്റെ 50% മത്സ്യത്തൊഴിലാളികൾ വഹിക്കണം എന്നു നിശ്ചയിച്ചിരുന്നെങ്കിലും പിന്നീട് അതു 25% മായി കുറയ്ക്കുകയുണ്ടായി. ബാക്കി 75% സർക്കാർ വഹിക്കുന്നതാണ്.

ഇ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ എല്ലാം മത്സ്യബന്ധന യാനങ്ങളും എഞ്ചിനുകളും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഇ) മത്സ്യത്തൊഴിലാളി പട്ടികയിൽ പേര് രജിസ്റ്റർ ചെയ്ത് വള്ളം/എഞ്ചിൻ എന്നിവ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത് നിശ്ചിത നിരക്കിൽ പ്രീമിയം അടയ്ക്കുന്ന എല്ലാം മത്സ്യത്തൊഴിലാളികളുടെയും യാനങ്ങൾ ഇൻഷ്വർ ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### ഒന്‍പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പര്‍:95    27-11-2008 ല്‍ മറുപടിയ്ക്ക്

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കാന്‍ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>,, കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. എ.കെ. ബാലന്‍<br>(പട്ടിക സമുദായ ക്ഷേമവും ഊര്‍ജ്ജവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളില്‍ നിന്നും ഇപ്പോള്‍ ഒരു ദിവസം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്. | എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളില്‍ നിന്നും 2008 നവംബര്‍ മാസത്തിലെ കണക്കു പ്രകാരം 17.11.2008 വരെ ഒരു ദിവസം ശരാശരി 13.4 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉല്‍പ്പാദിപ്പിക്കുന്നത്. |
| ബി) ജനറേറ്ററുകള്‍ കേടുവന്നതുമൂലമോ മറ്റോ വൈദ്യുതി ഉല്പാദനത്തില്‍ എന്തെങ്കിലും കുറവ് വരുന്നുണ്ടോ; എങ്കില്‍ ഇവ എന്ന് പൂര്‍ണ്ണമായി പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ | ബി) പന്നിയാര്‍ ഉല്‍പ്പാദന കേന്ദ്രത്തിലെ പെന്‍സ്റ്റോക്ക് പൈപ്പ് പൊട്ടിയുണ്ടായ അപകടം മൂലം 30 മെഗാവാട്ടിന്റേയും, ശബരിഗിരിയില്‍ ജനറേറ്റര്‍ പൊട്ടിത്തെറിമൂലം 110 മെഗാവാട്ടിന്റേയും ഇതിനുപുറമേ ശബരിഗിരിയില്‍ ജനറേറ്റര്‍ 1,2 എന്നിവയുടെ പുനരുദ്ധാരണ നവീകരണ ജോലികള്‍ നടക്കുന്നതിനാല്‍ അധികമായി 110 മെഗാവാട്ടിന്റേയും കുറവ് ഇപ്പോള്‍ അനുഭവപ്പെടുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന് പന്നിയാറിലെ കേടായ രണ്ട് ജനറേറ്ററുകളും ഫെബ്രുവരി 2009 അവസാനത്തോടെയും ശബരിഗിരിയിലെ പൊട്ടിത്തെറിമൂലം കേടുപാടുകള്‍ പറ്റിയ ജനറേറ്റര്‍ നമ്പര്‍ - 3, 2009 സെപ്തംബര്‍ 30 നും, ജനറേറ്റര്‍ നമ്പര്‍ – 4 സെപ്തംബര്‍ 2010 ലും ശബരിഗിരിയിലെ പുനരുദ്ധാരണത്തിലുള്ള രണ്ടു മെഷീനുകള്‍ യഥാക്രമം |

| | | | |
|---|---|---|---|
| | | | ഡിസംബർ 2008 ലും മേയ് 2009 ലും പ്രവർത്തിപ്പിക്കാൻ ലക്ഷ്യമിടുന്നു. |
| സി) | പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ഉല്പാദനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പദ്ധതികളായ 25 മെഗാവാട്ടിൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് വിദൂര ഗ്രാമ വൈദ്യുതീകരണത്തിനുള്ള പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്ന് ബയോമാസ് ഗ്യാസിഫെയർ പരിപാടിവഴി വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി, കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ഡി) | കൂടുതൽ പവർക്കട്ടും ലോഡ്ഷെഡിംഗും ഏർപ്പെടുത്താതെ വൈദ്യുതി വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | ഡി) | കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ആവശ്യപ്പെടുകയും പീക്ക് സമയത്തെ വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് മാധ്യമങ്ങൾ വഴി ജനങ്ങളെ ബോധവത്ക്കരിക്കാൻ ശ്രമിക്കുകയും ചെയ്തു. കൂടാതെ കേരളത്തിലെ താപ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വില കൂടിയ വൈദ്യുതി പരമാവധി പ്രയോജനപ്പെടുത്തിയും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കിയും വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രതിസന്ധി ഒഴിവാക്കാൻ കൂടുതൽ ഉല്പാദന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനും പുതിയ അന്തർ സംസ്ഥാന വൈദ്യുതി നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 96 27.11.2008-ൽ മറുപടിയ്ക്ക്

പട്ടിക വർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ
" കെ. കെ. ജയചന്ദ്രൻ
" കെ.സി. കുഞ്ഞിരാമൻ
" ടി.പി. കുഞ്ഞുണ്ണി
" ബി.രാഘവൻ

ഉത്തരം

ശ്രീ.എ. കെ. ബാലൻ
(ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പട്ടിക വർഗ്ഗക്കാർക്കായി ആവിഷ് ക്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേരളത്തിലെ പട്ടിക വർഗ്ഗക്കാർക്കായി 2003-04 ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ 14 ജില്ലാ ആശുപത്രികൾക്കും 5 മെഡിക്കൽ കോളേജുകൾക്കും 2 കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജുകൾക്കും, മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലായി പട്ടിക വർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിന് 267 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിക്കായി ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; | (ബി) 2003-04ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപയിൽ ഇതേ വരെ 267 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിച്ച 733 ലക്ഷം |

| | |
|---|---|
| | രൂപയുടെ പലിശ വിനിയോഗിച്ച് പദ്ധതി നടത്തിപ്പിനായി ടി തുക ജില്ലാ ട്രഷറിയിൽ ഫിക്സഡ് ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |
| (സി) രോഗബാധിതരായ പട്ടിക വർഗ്ഗക്കാരെ ആശുപത്രികളിൽ എത്തിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) രോഗബാധിതരായ പട്ടിക വർഗ്ഗക്കാരെ ആശുപത്രികളിൽ എത്തിക്കുന്നതിനും രോഗിയെ മറ്റൊരു ആശുപത്രിയിലേക്കു മാറ്റുന്നതിനും ചികിത്സക്കുശേഷം ആവശ്യമായ കേസുകളിൽ രോഗികളെ വീട്ടിൽ എത്തിക്കുന്നതിനും മരണപ്പെട്ടവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) പദ്ധതി സംബന്ധിച്ച് പട്ടിക വർഗ്ഗക്കാരെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ര മാദ്ധ്യമങ്ങളിലൂടെയും, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേനയും വ്യാപകമായ പ്രചാരണം നടത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു കളർ ബ്രോഷർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : 97 27.11.2008-ൽ മറുപടിയ്ക്ക്**

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നുള്ള കാർഷിക കടം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോസഫ് എം. പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴിക്കാടൻ | ശ്രീ.എ.കെ.ബാലൻ<br>പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി. |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് കാർഷിക കടങ്ങൾ എഴുതിത്തള്ളുമ്പോഴും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും കാർഷിക കടം എടുത്തവരുടെ കടങ്ങൾ എഴുതിത്തള്ളുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ടു്. |
| (ബി) | എങ്കിൽ അത്തരം കടബാദ്ധ്യത ഒഴിവാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; | (ബി) & (സി) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പകളാണ് വിതരണം ചെയ്യുന്നത്. ഇവ കാർഷിക ആവശ്യത്തിനും എടുക്കാറുണ്ടു്. ഇത്തരം വായ്പകൾ ഒന്നും എഴുതിതള്ളിയിട്ടില്ല. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 2008-ലെ കാർഷിക കടാശ്വാസ നിയമത്തിൻെറ പരിധിയിൽ ഈ കോർപ്പറേഷനിൽ നിന്നും അനുവദിച്ച വായ്പകൾ ഉൾപ്പെടുത്തിയിട്ടില്ല. ടി നിയമത്തിൻെറ 7 (1) ഖണ്ഡിക പ്രകാരം ഷെഡ്യൂൾഡ് ബാങ്ക്, സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിതരണം ചെയ്ത കാർഷിക വായ്പകളെയാണ് **നിയമത്തിൻെറ പരിധി**യിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നതു്. |

| | | |
|---|---|---|
| (സി) | പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത മുഴുവൻ കാർഷിക കടങ്ങളും എഴുതിത്തള്ളുവാൻ ഉത്തരവ് നൽകി പിന്നോക്ക വിഭാഗത്തെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | കടാശ്വാസ പദ്ധതിയുടെ പരിധിയിൽ കോർപ്പറേഷനിൽ നിന്നും അനുവദിച്ച വായ്പകൾ ഉൾപ്പെടുത്തിയാൽ മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിയ്ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:98 27-11-2008 ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിലെ ജലനിരപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ<br>" പി.കെ. അബ്ദുറബ്ബ് | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിലെ ജലനിരപ്പ് കുത്തനെ കുറയാൻ കാരണം അന്വേഷിച്ചിട്ടുണ്ടോ; | (എ) 2008-09 വർഷം ജൂൺ-ജൂലൈ മാസങ്ങളിൽ കാലവർഷത്തിലുണ്ടായ കുറവും, തുലാവർഷം ശക്തി പ്രാപിക്കാത്തതും കാരണം നീരൊഴുക്കിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. |
| ബി) വൈദ്യുതി ഉല്പാദനത്തിന് ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ ജലം സംഭരണികളിൽ നിന്നും നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;<br>സി) എങ്കിൽ അതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; | (ബി) യും (സി) എല്ലാ ദിവസവും ജലനിരപ്പും, ഉപയോഗിച്ച ജലത്തിന്റെ അളവും, ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവും കണക്കാക്കുന്നുണ്ട്. ഉൽപ്പാദനത്തിനും ഉപയോഗിച്ചതിനേക്കാൾ കൂടുതൽ ജലം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബാഷ്പീകരണം മൂലവും, ജലം ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നതുമൂലവും, ചെറിയ അളവിൽ ജലം നഷ്ടപ്പെടുന്നുണ്ട്. |
| ഡി) ജലസംഭരണികളിലെ വെള്ളം അനധികൃതമായി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ചോർത്തിക്കൊണ്ട് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) എങ്കിൽ ഇത് തടയാനും ഇനിയും ആവർത്തിക്കാതിരിക്കാനും എന്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം. 99** **27-11-2008 ൽ മറുപടിയ്ക്ക്.**

### മത്സ്യകേരളം പദ്ധതി

**ചോദ്യം**
ശ്രീ. എ.കെ.ചന്ദ്രൻ
ബാബു പോൾ
വി.എസ്. സുനിൽ കുമാർ
പി.തിലോത്തമൻ
കെ.അജിത്ത്.

**മറുപടി**
ശ്രീ. എസ്.ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് മത്സ്യ കേരളം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഉണ്ട്. |
| (ബി)എങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | സംസ്ഥാനത്തെ ഉല്പാദനക്ഷമതയുള്ള മുഴുവൻ ജലാശയങ്ങളിലും മത്സ്യകൃഷി നടത്താൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഫിഷറീസ് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂടിച്ചേർന്ന് നടപ്പാക്കാനാണുദ്ദേശിക്കുന്നത്.കേരളത്തിലെ 14 ജില്ലകളിലെ 700 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട 10000 ഹെക്ടർ ശുദ്ധജല/ഓരുജല പ്രദേശങ്ങൾ പദ്ധതിയുടെ കീഴിൽ വരും. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 71 കോടി രൂപയും സബ്സിഡിയായി നൽകുന്നത് 24 കോടി രൂപയുമാണ്. 2008–09 വർഷം മുതൽ മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. ശുദ്ധജല മത്സ്യം / ആറ്റുകൊഞ്ച് തുടങ്ങിയവയുടെ കൃഷി, പൊക്കാളി നിലങ്ങളിലെ ചെമ്മീൻ കൃഷി , സംയോജിത മത്സ്യക്കൃഷിക്ക് പ്രോത്സാഹനം, അലങ്കാര മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ , മത്സ്യവിത്ത് പരിപാലന യൂണിറ്റുകൾ സ്ഥാപിക്കൽ , മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ , കൊതുക് (കൂത്താടി) നിർമ്മാർജ്ജനത്തിനുള്ള മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കൽ, ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കൽ, നദികളിലെയും അഴിമുഖങ്ങളിലെയും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ |

| | |
|---|---|
| | പ്രോത്സാഹിപ്പിക്കൽ , പഞ്ചായത്ത് തലത്തിൽ മാതൃകാ മത്സ്യഫാമുകൾ സ്ഥാപിക്കൽ , ചെമ്മീൻ, കക്ക, ഞണ്ട്, മുരിങ്ങ, കടൽപ്പായൽ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കൽ, കൂടുകളിൽ മത്സ്യം വളർത്തൽ പദ്ധതി നടപ്പാക്കൽ, കക്ക ശുദ്ധീകരണ ശാലകൾ സ്ഥാപിക്കൽ, മത്സ്യകർഷകർക്ക് വിദഗ്ദ്ധ പരിശീലനം നൽകൽ, വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമതല മത്സ്യകർഷക ക്ലബുകൾ രൂപീകരിക്കൽ എന്നിവയാണ് മത്സ്യകേരളം പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്ന പ്രധാന പരിപാടികൾ. |
| (സി)ഈ പദ്ധതി നടപ്പിലാക്കുവാൻ എത്ര പഞ്ചായത്തുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്? | മത്സ്യ കൃഷിക്കനുയോജ്യമായ ജലസ്രോതസ്സുകളുള്ള മുഴുവൻ പഞ്ചായത്തുകളെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വരുന്നതിനാണുദ്ദേശിക്കുന്നത്. ഇതിനകം നടത്തിയിട്ടുള്ള സർവ്വേകളിൽ ഇത്തരം 700 പഞ്ചായത്തുകൾ ഉണ്ടാവുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.100. 27.11.2008- ൽ മറുപടിയ്ക്ക്

## ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത്

ചോദ്യം

ശ്രീ. സി.എഫ്.തോമസ് :

പ്രൊഫ.എൻ.ജയരാജ് :

ശ്രീ.തോമസ് ഉണ്ണിയാടൻ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇവിടത്തെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഇനിപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>1. ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് മൂന്നു വർഷകാലാവധിയുള്ള മത്സ്യകേരളം എന്ന പ്രത്യേകപദ്ധതി 2008-09 മുതൽ നടപ്പിലാക്കിവരുന്നു.<br><br>2. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് നേരിട്ടും, എഫ്.എഫ്.ഡി.എ., ബി. എഫ്.എഫ്.ഡി.എ., അഡാക്ക്, ഫിർമ, മത്സ്യഫെഡ് എന്നീ ഏജൻസികൾവഴിയും നടപടികൾ എടുത്തുവരുന്നു.<br><br>3. മത്സ്യവകുപ്പ് കായൽ പട്രോളിംഗ്, പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>4. ഫിർമയുടെ കീഴിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഒരു പദ്ധതി ശാസ്താംകോട്ട, പെരിയാർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും മഹസീർ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് നദികളിലും, തടാകങ്ങളിലും നിക്ഷേപിക്കുന്ന പദ്ധതിയും CWRDM -ൻെറ സഹായ |

| | |
|---|---|
| | ത്തോടെ ശാസ്താംകോട്ട കായലിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>5. അഡാക്കിൻെറ കീഴിൽ താഴെപറയുന്ന പദ്ധതികൾ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്നു.<br><br>i) കുട്ടനാടൻമേഖലയിലെ പാടശേഖരങ്ങളിൽ നടപ്പിലാക്കുന്ന ഒരുനെല്ലും ഒരുമീനും പദ്ധതി.<br><br>ii) പൊക്കാളി പാടശേഖരങ്ങളിൽ (ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിൽ) നടപ്പിലാക്കുന്ന സുസ്ഥിരചെമ്മീൻ കൃഷി.<br><br>iii) തൃശൂരിലെയും മലപ്പുറത്തേയും കോൾ നിലങ്ങളിൽ നടപ്പിലാക്കുന്ന ഒരുനെല്ലും ഒരു മീനും പദ്ധതി.<br><br>iv) ഉൾനാടൻ കായൽപ്രദേശത്ത് വനിതാസ്വയംസഹായസംഘങ്ങൾ വഴി നടപ്പിലാക്കി വരുന്ന കല്ലുമ്മേക്കായ കൃഷി.<br><br>v) മത്സ്യ/ചെമ്മീൻ വിത്ത് കായലിൽ നിക്ഷേപിച്ച് ചെമ്മീൻ/മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി.<br><br>vi) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലെ ഓരു ജലാശയങ്ങളിലെ ചെമ്മീൻ കൃഷി.<br><br>vii) തൃശൂർ ജില്ലയിലെ പൊയ്യ ഫാമിലെ ചെമ്മീൻ, പൂമീൻ, ഞണ്ട്, കക്ക, കരിമീൻ കൃഷി, കരിമീൻ വിത്തുല്പാദനകേന്ദ്രം.<br><br>6. എഫ്.എഫ്.ഡി.എ., ബി. എഫ്.എഫ്. ഡി.എ., ഏജൻസികൾവഴി ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക/ |

സാങ്കേതിക സഹായങ്ങൾ കർഷകർക്ക് നൽ
കുന്നുണ്ട്.

7. നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ്
ബോർഡിൻെറ സഹായത്തോടെ പാലക്കാട്
ജില്ലയിലെ റിസർവോയറുകളിൽ മത്സ്യം വളർ
ത്തുന്നതിനുള്ള നടപടി എടുത്തുവരുന്നു.

8. കേന്ദ്രസർക്കാരിൻെറ സ്പെഷ്യൽ പാക്കേജ്
ഫോർ സൂയിസൈഡ് പ്രോൺ ഡിസ്ട്രിക്റ്റ്
എന്ന പദ്ധതി പ്രകാരം പാലക്കാട്, കാസർ
ഗോഡ്, വയനാട് എന്നീ ജില്ലകളിൽ
മത്സ്യകൃഷി നടത്തുന്നതിനുള്ള സാമ്പത്തിക
സഹായം നൽകി വരുന്നു.

9. ഞണ്ട് കൃഷി പ്രോത്സാഹിപ്പിക്കുന്നതി
നായി രാജീവ് ഗാന്ധി സെൻറർ ഫോർ അക്വാ
കൾച്ചറും മത്സ്യഫെഡും ചേർന്ന് ഞണ്ട്
വിത്തുല്പാദനകേന്ദ്രം കണ്ണൂർ മാപ്പിളബേ
ഹാച്ചറിയിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ
നടപടികൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യഫെഡിൽ
അഫിലിയേറ്റ് ചെയ്തിട്ടുള്ള ഉൾനാടൻ സഹകര
ണസംഘങ്ങൾവഴി മത്സ്യചെമ്മീൻ/കക്ക/കല്ലു
മ്മക്കായ് മുതലായ കൃഷികൾ തുടങ്ങുവാ
നുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

10. ഉൾനാടൻ മത്സ്യോല്പാദനം പരമാവധി
വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രഗവൺമെൻറി
ൻെറ RKVY (രാഷ്ട്രീയ കൃഷി വികാസ്
യോജന) യിലെ ധനസഹായം ഉപയോഗി
ച്ചുള്ള പദ്ധതികൾ ആലപ്പുഴ, എറണാകുളം,
കോട്ടയം, ഇടുക്കി, വയനാട്, പത്തനംതിട്ട,
മലപ്പുറം എന്നീ ജില്ലകളിൽ 2007-08 വർഷം
മുതൽ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 101   27.11.2008 -ൽ മറുപടിയ്ക്ക്

## പട്ടികസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ഷാജു : | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽത്തന്നെ നൽകുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്കൂൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യക്ഷമമായ നടപടികളുടെ ഭാഗമായി 2008-09 അദ്ധ്യയന വർഷത്തെ ആദ്യ 5 മാസത്തെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി പ്രീമെട്രിക് സ്കോളർഷിപ്പിനത്തിൽ 262.50 ലക്ഷം രൂപയും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനത്തിൽ 600 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ജില്ലാതല ആഫീസർമാർക്ക് 2008 മെയ് ആദ്യവാരത്തിൽ തന്നെ അനുവദിച്ചു നൽകിയിരുന്നു. അടുത്ത 5 മാസത്തെ രണ്ടാംഗഡു ഡിസംബർ 31-നു മുൻപുതന്നെ അനുവദിച്ചു നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ യഥാസമയം തന്നെ വിവിധ ജില്ലാ ആഫീസുകളിൽ എത്തിക്കണമെന്നും അപ്രകാരം അനുവദിക്കുന്ന തുക കൈപ്പറ്റി എത്രയും വേഗം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആദ്യഘട്ട വിദ്യാഭ്യാസാനുകൂല്യ വിതരണം സ്കൂൾ വർഷാരംഭത്തിൽത്തന്നെ നടത്തുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ട് 2008 മെയ് മാസത്തിൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്ന മാസം തന്നെ ലംപ്സംഗ്രാന്റ്, 4 മാസത്തെ സ്റ്റൈപ്പന്റ്/ഹോസ്റ്റൽ ആനുകൂല്യം എന്നിവ മുൻകൂറായി വിതരണം ചെയ്യുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വിവരം പത്രപ്പരസ്യം വഴി നൽകാറുണ്ട്. വിദ്യാഭ്യാസാനുകൂല്യം കൃത്യമായി വിതരണം ചെയ്യുന്നുവെന്നറിയുന്നതിന് സ്കൂളുകളിൽ നിന്ന് അക്വിറ്റൻസും പ്രതിമാസ പുരോഗതി റിപ്പോർട്ടും ലഭ്യമാക്കി പരിശോധിച്ചു വരുന്നു. കൂടാതെ സ്വാശ്രയമേഖലയിൽ നിലവിൽ പഠനം നടത്തിവരുന്ന അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ വർഷം മുതൽ ലംപ്സംഗ്രാന്റും, സ്റ്റൈപ്പന്റും മുൻകൂറായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(തുടർച്ച..2-ാം പേജ്)

ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട എസ്.സി.ഡി.ഒ, ഡി.ഡി.ഒ ഉത്തര/ദക്ഷിണ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും ആനുകൂല്യ വിതരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും സി-ഡിറ്റുമായും സഹകരിച്ച് ഇ-ഗ്രാന്റ്സ് (e-grants) എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പ്രോജക്ട് ആലപ്പുഴ ജില്ലയിൽ ആരംഭിക്കണമെന്ന് ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രവർത്തനം വിലയിരുത്തി ന്യൂനതകളുണ്ടെങ്കിൽ അവ പരിഹരിച്ച് അടുത്ത വിദ്യാഭ്യാസ വർഷം മുതൽ ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ്മണി തുടങ്ങിയ ആനുകൂല്യങ്ങൾ 01-2-2008-ലെ ജി.ഒ(എം.എസ്)നം.20/08/പജ.പവ.വിവ പ്രകാരം 01.04.2008 മുതൽ പ്രാബല്യം നൽകി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഇവർക്ക് മികച്ച പഠനാവസരങ്ങൾ ലഭ്യമാക്കുന്നതിനായി കൂടുതൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും മറ്റും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി) അട്ടപ്പാടി മേഖലയിൽ +2 ന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഷോളയൂരിൽ ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലും മാനന്തവാടി ഐ.എച്ച്.ആർ.ഡി. യുടെ ഗവ.അപ്ലൈഡ് സയൻസ് കോളേജിലെ പട്ടികജാതി/ പട്ടികവർഗ്ഗ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്കായി ആലുവായിൽ ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലും ആൺകുട്ടികൾക്കായി ഇടുക്കി ജില്ലയിൽ മൂന്നാർ പോസ്റ്റ്മെട്രിക് ഹോസ്റ്റലും കാസർകോട് ജില്ലയിൽ മഞ്ചേശ്വരം പോസ്റ്റ്മെട്രിക് ഹോസ്റ്റലും അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 102 — 27.11.2008-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ പുന:സംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ജെ. തങ്കപ്പൻ :<br>ശ്രീ.എ.എം. യൂസഫ് :<br>ശ്രീ.വി.എൻ. വാസവൻ :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനവിദ്യുച്ഛക്തി ബോർഡിനെ മൂന്നു കമ്പനികളാക്കി മാറ്റണമെന്ന കേന്ദ്ര സർക്കാരിന്റെ കർശന നിർദ്ദേശത്തെത്തുടർന്ന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) 25-09-08ൽ സർക്കാർ പുറപ്പെടുവിച്ച ട്രാൻസ്ഫർ സ്കീം പ്രകാരം വൈദ്യുതി ബോർഡിന്റെ ആസ്തി ബാധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്ത ആസ്തി ബാധ്യതകൾ തുടർന്ന് ഒരു ഗവൺമെന്റ് കമ്പനിയിലേയ്ക്ക് പുനർ നിക്ഷേപിക്കുമെന്ന് ട്രാൻസ്ഫർ സ്കീമിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) വൈദ്യുതി ബോർഡിന്റെ പുന:സംഘടന സംബന്ധിച്ച വിദഗ്ദ്ധസമിതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;<br><br>(സി) നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) & (സി) വിദഗ്ദ്ധ സമിതി കെ.എസ്.ഇ.ബിയെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം പുന: സംഘടിപ്പിക്കാനും 100% ഗവൺമെന്റ് ഓഹരിയോടുകൂടി നിലനിർത്താനും നിർദ്ദേശിച്ചിരുന്നു. വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുകയും ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം, കെ.എസ്.ഇ.ബി. യെ പൊതുമേഖലാസ്ഥാപനമായി നിലനിർത്തികൊണ്ട് 25.08.2008 തീയതിയിലെ G.O.(MS) No.29/2008/PD പ്രകാരം തത്വത്തിൽ പുന:സംഘടി |

പ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു.

| | |
|---|---|
| (ഡി) ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തി ഒറ്റ കമ്പനിയാക്കുന്നതു മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ഡി) ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം വൈദ്യുതി ബോർഡിനെ കമ്പനിയോ കമ്പനികളായോ പുന:സംഘടിപ്പിക്കേണ്ടതുണ്ട്. ബോർഡിനെ വിഭജിച്ച് കമ്പനികളാക്കുന്നതും സ്വകാര്യവത്ക്കരിക്കുന്നതും ഗുണകരമല്ല എന്നാണ് വിവിധ സംസ്ഥാനങ്ങളിലെ അനുഭവം കാണിക്കുന്നത്. കേന്ദ്രീകൃതമായ ആസൂത്രണത്തിന്റെ അഭാവം, ലാഭേച്ഛയോടെയുള്ള പ്രവർത്തനം എന്നിവ മൂലം അവിടങ്ങളിൽ വൈദ്യുതി നിരക്കുകൾ പൊതുവിൽ ഉയരുകയും വൈദ്യുതിക്ഷാമം രൂക്ഷമാവുകയും ചെയ്തു. വൈദ്യുതി മേഖലയുടെ ശിഥിലീകരണവും സ്വകാര്യവല്കരണവും ഒഴിവാക്കി സാമൂഹിക നിയന്ത്രണത്തോടെ പ്രവർത്തിപ്പിക്കാൻ പൊതുമേഖലയിൽ ഒറ്റ കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിലൂടെ കഴിയും. |
| (ഇ) ബോർഡിന്റെ ആസ്തിബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) 2007-08ലെ വാർഷിക കണക്കിന്റെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ ആസ്തിബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്ന ജോലി നടന്നുവരുന്നതേയുള്ളൂ. |

KAMeeraRani

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 103 — 27-11-2008-ലെ മറുപടിയ്ക്ക്

വസ്തു നികുതിയും കെട്ടിട നികുതിയും പരിഷ്കരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.സി. രാമൻ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) യു.എൻ.ഡി.പിയുടെ സഹായത്തോടെ നടപ്പാക്കുന്ന വികേന്ദ്രീകൃത നഗര ഭരണത്തിന്റെ ഭാഗമായി വസ്തു നികുതിയും കെട്ടിട നികുതിയും പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യു.എൻ.ഡി.പിയുടെയും കേന്ദ്ര നഗര വികസന വകുപ്പിന്റെയും ധനസഹായത്തോടെ പാലക്കാട്, ആലപ്പുഴ നഗരസഭകളുടെ ആഭിമുഖ്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ വസ്തു നികുതി ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് കെട്ടിട വിവര ശേഖരണം നടത്തിവരുന്നു. |
| (ബി) പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ പരിഷ്കാരങ്ങൾ ഒഴിവാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ബി) മാനദണ്ഡങ്ങൾക്കു വിധേയമായി അഴിമതി ഒഴിവാക്കുന്നതിനും ഒപ്പം നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ രീതിയിൽ കേരളത്തിന്റെ സാമ്പത്തിക സാമൂഹിക സാഹചര്യം പഠിച്ച ശേഷമേ ഇത്തരമൊരു പരിഷ്കാരം നടപ്പാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 104 | 27.11.2008-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ ആസ്തിബാദ്ധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബാബു<br>പ്രൊഫ.കെ.വി തോമസ്<br>ശ്രീ.അടൂർ പ്രകാശ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) 2008 സെപ്റ്റംബറിൽ വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തുവോ;<br><br>(ബി) എങ്കിൽ ബോർഡിന്റെ ആസ്തിയും ബാദ്ധ്യതയും ആ സമയത്ത് എത്ര വീതമായിരുന്നു; | (എ) & (ബി) ജി.ഒ (എം.എസ്) നം. 37/2008 പി.ഡി. തിയതി, 25 സെപ്റ്റംബർ 2008 പ്രകാരം വൈദ്യുതി ബോർഡിന്റെ 31.03.2008 വരെയുള്ള കണക്കുകൾ അനുസരിച്ചുള്ള ആസ്തി ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തു. ബോർഡിന്റെ 2007-08-ലെ വാർഷിക കണക്കിന്റെ ഓഡിറ്റ് നടന്നു വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്ന ജോലി നടന്നുവരുന്നേയുള്ളൂ. ബുക്ക് വാല്യുവിന്റെ അടിസ്ഥാനത്തിലുള്ള താൽക്കാലിക കണക്കനുസരിച്ചാണ് ട്രാൻസ്ഫർ സ്കീം ഉത്തരവിന്റെ രണ്ടാം ഭാഗത്ത് ഷെഡ്യൂളായി നൽകിയിട്ടുള്ള ആസ്തി ബാദ്ധ്യതകൾ ഏറ്റെടുത്തത്. **ഇത്** അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) ഈ ആസ്തിബാദ്ധ്യതാ നിർണ്ണയം നടത്തിയതാരായിരുന്നു;<br><br>(ഡി) അവർക്ക് അതിലുള്ള പരിചയം എന്തെന്ന് വിശദീകരിക്കുമോ; | (സി) & (ഡി) ആസ്തി ബാദ്ധ്യതാ നിർണ്ണയം നടത്തിയിട്ടുള്ളത് ബോർഡിന്റെ **ബുക്ക് വാല്യുവിൽ തന്നെയാണ്. ഇതിന് ഏതെങ്കിലും ഏജൻസിയെ ഏർപ്പെടുത്തിയിരുന്നില്ല.** |

(ഇ) ബോർഡിന്റെ ആസ്തി വളരെ കുറച്ചാണ് നിർണ്ണയിച്ചിരിക്കുന്നതെന്ന പരാതി ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

(ഇ) ബോർഡിന്റെ ആസ്തിബാദ്ധ്യതകൾ നിലവിലുള്ള നിയമപ്രകാരം ബുക്ക് വാല്യൂവിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് പരാതി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 105 | 27.11.2008-ൽ മറുപടിക്ക്

## സ്വകാര്യതൊഴിൽ മേഖലയിലെ പിരിച്ചുവിടൽ

**ചോദ്യം**

ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. വി. ജെ. തങ്കപ്പൻ
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ തൊഴിൽ മേഖലയെ എങ്ങനെ ബാധിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എ) ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തും പൊതുവേ പ്രതികൂലമായ സ്ഥിതി സൃഷ്ടിച്ചിട്ടുണ്ട്. ഭക്ഷ്യസാധനങ്ങളുടെയും നിത്യോപയോഗസാധനങ്ങളുടെയും വിലവർദ്ധനവും നാണ്യവിളകളുടെ വിലയിടിവും തൊഴിൽ മേഖലയിലും പൊതുവിൽ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ടെക്നോപാർക്കിലും ഇൻഫോ പാർക്കിലും ഐ.ടി മേഖലയിലെ കമ്പനികളിൽ നിന്നും വൻതോതിൽ പിരിച്ചു വിടൽ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) & (സി) ഐ. ടി കമ്പനികളിൽ നിന്നും വൻതോതിൽ പിരിച്ചു വിടൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഐ.ബി.എസ് എന്ന കമ്പനിയിൽ നിന്നും 27 ജീവനക്കാരെ മുന്നറിയിപ്പില്ലാതെ പിരിച്ചു വിട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഉടൻ തന്നെ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രസ്തുത സ്ഥാപനത്തിൽ പരിശോധന നടത്തുകയുമുണ്ടായി. ഓരോ ജീവനക്കാരന്റെയും ആറു മാസത്തെ ജോലി സംബന്ധിച്ച് പെർഫോർമൻസ് പരിശോധിച്ച് മെച്ചപ്പെടുത്തുവാൻ അവസരം നൽകുമെന്നും തീരെ മോശമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന ജീവനക്കാരെയാണ് പിരിച്ചുവിടുന്നത് എന്നുമാണ് മാനേജ്മെന്റ് ഭാഗത്തു നിന്നുള്ള വിശദീകരണം. ജീവനക്കാരുടെ രാജികത്തിന്റെ അടിസ്ഥാനത്തിലാണ് പിരിച്ചുവിട്ടതെന്നും അല്ലാതെ ഇപ്പോഴുള്ള ആഗോള സാമ്പത്തിക പ്രതിസന്ധി കാരണമല്ല പിരിച്ചുവിടലെന്നുമാണ് മാനേജ്മെന്റ് ഭാഗത്തു നിന്നും വിശദീകരിച്ചിട്ടുള്ളത്. എന്നാൽ 4 പേർ പിരിച്ചു വിടലിനെതിരെ പരാതി നൽകിയിട്ടുണ്ട്. അതിന്മേൽ തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ 1947 ലെ വ്യവസായ തർക്കനിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

..............2

| | | |
|---|---|---|
| (ഡി) മറ്റു വ്യവസായ മേഖലകളിലെ സ്ഥിതി എന്തെനെയാണ്; | (ഡി) | മറ്റ് വ്യവസായ മേഖലകളിൽ ഇത്തരമൊരു സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഈ സർക്കാർ വന്നതിനുശേഷം വിവിധ മേഖലകളിൽ എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 106

27.11.2008 ൽ മറുപടിയ്ക്ക്

## ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എം. ഹംസ<br>പ്രൊഫ: സി. രവീന്ദ്രനാഥ് | ശ്രീ. പാലോളിമുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) 2008-09 മുതൽ 2010-2011 വരെയുള്ള മൂന്ന് വർഷ കാലയളവിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവന രഹിതരുടെയും പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിന് 11-ാം പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു പരിയായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഇ.എം.എസ്. ഭവന പരിപാടി. ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br>1) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും സ്ഥലം നൽകൽ.<br>2) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ ഭവനരഹിത കുടുംബങ്ങൾക്കും വീട് നൽകൽ |

3) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ ജീർണ്ണിച്ച വീടുകളുടെ മേൽക്കൂര ബല പ്പെടുത്തി/ഗുണമേന്മ വർദ്ധിപ്പിച്ച് വാസയോഗ്യമാക്കുക. പദ്ധതി നട പ്പിലാക്കുന്നതും ഗുണ ഭോക്താ ക്കളെ തിരഞ്ഞെടുക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഒരു വീടിന് 25 ച. മീറ്റർ മുതൽ 40 ച. മീറ്റർ വരെ എന്ന വിസ്തീർണ്ണമാണ് നിശ്ചയിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടത്തിപ്പിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെ ല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | 2008-2009-ൽ പദ്ധതി വിഹി തത്തിൻെറ 15% തുക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇ.എം.എസ് ഭവന പരിപാടിക്കായി മാറ്റിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മൂന്നുവർഷംകൊണ്ട് പദ്ധതിയ്ക്കാവ ശ്യമായ തുക പൂർണ്ണമായും കണ്ടെ ത്താൻ കഴിയാത്ത സാഹചര്യത്തിൽ പുതുക്കിയ മാർഗ്ഗ നിർദ്ദേശമനുസ രിച്ച് 2009-2010 മുതൽ 2018-2019 വരെയുള്ള പത്തുവർഷ കാലയള വിൽ തിരിച്ചടവ് പൂർണ്ണമാകുന്ന തര ത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കാവുന്നതാണ്. വായ്പാ പരിധി 2009-10 മുതൽ 2018-19 വരെ ലഭിക്കുന്നവികസന ഫണ്ടിന്റെ 10 ശതമാനം തുകയായിരി ക്കും വായ്പാ തുക പത്ത് തുല്യ ഗഡു ക്കളായി തിരിച്ചടയ്ക്കണം വിദേശ മല യാളികൾ, അവരുടെ സംഘടനകൾ, മനുഷ്യ സ്നേഹികൾ, സ്ഥാപന ങ്ങൾ, ഇതര സംഘടനകൾ എന്നിവ രുടെ സംഭാവനകൾ മുഖേന |

| | | | |
|---|---|---|---|
| | | | ഇ.എം.എസ് ഭവന പരിപാടിക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ഭവന നിധി രൂപീകരിക്കുന്നതാണ്. ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള പ്രവൃത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ധൃതഗതിയിൽ നടന്നുവരുന്നു. |
| (സി) | പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ തലത്തിലും പഞ്ചായത്തു തലത്തിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; | (സി) | ഇ.എം.എസ് ഭവന പരിപാടിയുടെ മാർഗ്ഗരേഖ പ്രകാരം ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര ഭൂരഹിത കുടുംബങ്ങളും ഭവന രഹിത കുടുംബങ്ങളും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂരഹിത കുടുംബങ്ങളുടെയും ഭവന രഹിത കുടുംബങ്ങളുടെയും കണക്ക് ശേഖരിച്ചു വരുന്നു. |
| (ഇ) | എത്ര വർഷം കൊണ്ടാണ് എല്ലാവർക്കും വീട് വച്ചു നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ഇ) | 2008-09 മുതൽ 2010-11 വരെയുള്ള മൂന്ന് വർഷം കൊണ്ട് എല്ലാവർക്കും വീട് വച്ച് നൽകാൻ ഉദ്ദേശിക്കുന്നു. |
| (എഫ്) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 107 | 27.11.2008- ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളിൽ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ.ശക്തൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>പ്രൊഫ.കെ.വി.തോമസ് | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എന്തെല്ലാം അധികാരങ്ങളിൽ കുറവ് വരുത്തിയെന്ന് വിശദമാക്കാമോ; | (എ) | അധികാരങ്ങളിൽ കുറവ് വരുത്തിയിട്ടില്ല. |
| (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിരൂപീകരണവും ആസൂത്രണവും ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇനിമുതൽ സർക്കാർ അവയുടെ പദ്ധതികൾ തയ്യാറാക്കുകയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പണം ചെലവഴിക്കുകയും ചെയ്യുവാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:108    27-11-2008 ൽ മറുപടിയ്ക്ക്

## വൈദ്യുതി പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>,, ബാബു എം. പാലിശ്ശേരി<br>,, പി. ജയരാജൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, എ.സി. മൊയ്തീൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിലെ ജലനിരപ്പ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (എ) 20.11.2008 -ലെ കണക്കനുസരിച്ച് 2831.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ ജലം വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ജലനിരപ്പിൽ എന്തുമാത്രം കുറവുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കഴിഞ്ഞവർഷം ഈ ദിവസത്തിൽ 3772.3 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ ജലമാണ് ഉണ്ടായിരുന്നത്. ആയതിനാൽ കഴിഞ്ഞ വർഷത്തെക്കാൾ 25% കുറവാണ് ഈ വർഷം ഉണ്ടായിരിക്കുന്നത്. |
| സി) ലോഡ്ഷെഡ്ഡിംഗിലൂടെ എന്തുമാത്രം വൈദ്യുതി ലാഭിക്കാൻ കഴിയുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) ലോഡ്ഷെഡ്ഡിംഗ് വഴി വൈകുന്നേരത്തെ പീക്ക് ആവശ്യകതയിൽ ശരാശരി 400 മെഗാവാട്ടിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. പ്രതിദിന ഉപയോഗത്തിൽ ഇതുവഴി ശരാശരി ഏകദേശം ഒരു ദശലക്ഷം യൂണിറ്റിന്റെ കുറവുണ്ട്. |
| ഡി) വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാനത്തിന് 500 കോടി രൂപ അനുവദിക്കണമെന്ന ആവശ്യത്തോട് കേന്ദ്രത്തിന്റെ പ്രതികരണം എന്താണ്? | (ഡി) വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് 500 കോടി രൂപ അടിയന്തിര സഹായം അനുവദിക്കുവാനും കേന്ദ്ര പൂളിൽ നിന്നും കൂടുതൽ വൈദ്യുതി നൽകണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 109 — 27.11.2008-ൽ മറുപടിക്ക്

## വിവിധ വിഭാഗം തൊഴിലാളികൾക്ക് പുതുതായി ക്ഷേമനിധി

| ചോദ്യം<br>ശ്രീ. എ. എ. അസീസ് | | മറുപടി<br>ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് വിവിധ വിഭാഗം തൊഴിലാളികൾക്ക് പുതുതായി ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | ഉണ്ട്.<br>തൊഴിൽ വകുപ്പിന്റെ കീഴിൽ ചെറുകിട തോട്ടം തൊഴിലാളികൾക്കായി ക്ഷേമനിധി നിയമം നിലവിൽ വന്നിട്ടുണ്ട്. സ്കീം ഉടൻ തന്നെ നിലവിൽ വരുന്നതാണ്. ആശാരി തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള ബിൽ നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, മരം കയറ്റ തൊഴിലാളികൾ, ആനപ്പാപ്പാന്മാരും ആന പരിപാലകരുമായ തൊഴിലാളികൾ, അൺ എയിഡഡ് സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് എന്നീ വിഭാഗങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) ഇപ്പോൾ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | തൊഴിൽ വകുപ്പിന്റെ കീഴിൽ കർഷക തൊഴിലാളികൾ, കള്ളു ചെത്തു തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, അബ്കാരി തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾ, ബീഡി ആന്റ് സിഗാർ തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ഈറ്റ - കാട്ടുവള്ളി - തഴ തൊഴിലാളികൾ, കൈതൊഴിലാളി-വിദഗ്ദ്ധ തൊഴിലാളികൾ, കടകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 110 — 27.11.2008 ൽ മറുപടിയ്ക്ക്

ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ; | (എ) തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജനകീയാസൂത്രണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവ സമന്വയിപ്പിച്ച് ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം 2008-09 വാർഷിക പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തും കൃഷിയോഗ്യമാക്കാൻ കഴിയുന്ന തരിശു നിലങ്ങൾ കണ്ടെത്തി ശരാശരി 10 ഏക്കർ എന്ന നിലയിൽ സംസ്ഥാനത്തെ 10,000/- ഏക്കർ ഭൂമിയെങ്കിലും കൃഷിയോഗ്യമാക്കുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവിനായി നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് കാർഷിക മേഖലയുടെ പുനരുജ്ജീവനമാണ്. കൃഷി അനുബന്ധ മേഖലയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി തരിശു നിലങ്ങളിൽ നെൽക്കൃഷി ചെയ്യുന്നു. |

പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ സ്ഥലാധിഷ്ഠിത സമീപനത്തോടെ വ്യക്തമായ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. നെല്ല്, പച്ചക്കറി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ജനകീയാസൂത്രണം , ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സമന്വയിപ്പിച്ച് ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂവികസനവും ഉല്പാദനോപാധികളുടെയും കാർഷികോപകരണങ്ങളുടെയും വിതരണവും ഉൾപ്പെടുന്നു.

(സി) കാർഷികമേഖലയിൽ എന്തെല്ലാം ഉല്പന്നങ്ങളുടെ വർദ്ധനവിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നെല്ല്,പച്ചക്കറി എന്നിവയുടെ ഉല്പാദന വർദ്ധനവിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

(ഡി) തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ കൃഷി യിറക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) നീർത്തടാധിഷ്ഠിത പദ്ധതിയെ അടിസ്ഥാനമാക്കി തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിനുവേണ്ട കർമ്മ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പിലാക്കു വാനാണ് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. കൃഷിയോഗ്യമാക്കാൻ കഴിയുന്ന എല്ലാ തരിശു നിലങ്ങളും രണ്ടുവർഷം കൊണ്ട് നെൽപ്പാടങ്ങളായി മാറ്റുവാനുള്ള പദ്ധതികളാണ് വിഭാവന ചെയ്യുന്നത്.

(ഇ) എങ്കിൽ ഇതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; തരിശായി കിടക്കുന്ന എത്ര ഏക്കർ സ്ഥലത്ത് ഈ വർഷം പുതുതായി നെൽകൃഷി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഇ) സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വിത്ത്, വളം കീടനാശിനികൾ മുതലായ ഉല്പാദനോപാധികളും പമ്പ്സെറ്റുകൾ, സ്പ്രേയറുകൾ, ട്രില്ലറുകൾ, കൊയ്ത്ത്-മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങളും കുടുംബശ്രീ യൂണിറ്റുകൾക്കും കർഷക തൊഴിലാളികളുടെ സംഘങ്ങൾക്കും പൊതു വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക് പ്രകാരം അനുവദനീയമാണ്. ഉഴവു കൂലി ഇനത്തിൽ ഹെക്ടറിന് പരമാവധി 2500/- രൂപ സബ്സിഡിയും അനുവദിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരു തവണ ഏറ്റെടുക്കാവുന്നതാണ്.

നിശ്ചിത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നീർത്തട പരിപാലന വർക്കിംഗ് ഗ്രൂപ്പിനെ സഹായിക്കുക, കർഷകർക്കും യൂണിറ്റുകൾക്കും യഥാസമയം വ്യാപന സേവനങ്ങൾ ലഭ്യമാക്കുക, കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരേയും ഗ്രാമപഞ്ചായത്തിനെയും പരസ്പരം ബന്ധിപ്പിക്കുക എന്നിവയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വർഷം പുതുതായി 29444.343 ഹെക്ടറിൽ നെൽകൃഷി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 111 27.11.2008-ൽ മറുപടിയ്ക്ക്

ലോഡ്ഷെഡ്ഡിംഗും പവർകട്ടും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.പി.സി. വിഷ്ണുനാഥ് :<br>ശ്രീ.കെ. സുധാകരൻ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഈഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയത് എന്നു മുതലാണ്; | (എ) സംസ്ഥാനത്ത് 27.06.08 മുതൽ വൈകുന്നേരം 6.00 മണിക്കും രാത്രി 10 മണിക്കും ഇടയിൽ അരമണിക്കൂർ വീതംലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. എച്ച്.റ്റി/ ഇ.എച്ച്.റ്റി ഉപഭോക്താക്കൾക്ക് 25.07.08 മുതലും വിവിധ എൽ.റ്റി. ഉപഭോക്താക്കൾക്ക് 15.10.08 മുതലും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എച്ച്.റ്റി & ഇ.എച്ച്.റ്റി വിഭാഗം ഉപഭോക്താക്കൾക്ക് 25.07.08 മുതൽ 14.10.2008 വരെ ശരാശരി ഉപഭോഗത്തിന്റെ 75%ത്തിലധികവും 15.10.2008 മുതൽ എച്ച്.റ്റി., ഇ.എച്ച്.റ്റി, എൽ.റ്റി. II, എൽ.റ്റി. IV, എൽ.റ്റി. VI (A), എൽ.റ്റി. VI(B), എൽ.റ്റി. VI(C), എൽ.റ്റി. VII, തുടങ്ങിയ ഉപഭോക്താക്കൾക്ക് ശരാശരി ഉപഭോഗത്തിന്റെ 80% അധികമായി ഉപയോഗിക്കുന്ന വൈദ്യുതിക്കും മാസം 200 യൂണിറ്റിലധികം ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്കും ബോർഡ് അധികമായി വാങ്ങുന്ന |

| | | | |
|---|---|---|---|
| | | | വൈദ്യുതിയുടെ നിരക്ക് ബാധകമാക്കിയിട്ടുണ്ട്. പവർ കട്ട് ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | അവ ഏർപ്പെടുത്തുവാനുള്ള കാരണം എന്താണ്; | (ബി) | പൂർണ്ണ തോതിൽകാലവർഷം ലഭിക്കാതിരുന്നതിനാൽ ജല വൈദ്യുത പദ്ധതി പ്രദേശങ്ങളിൽ ആവശ്യമായ നീരൊഴുക്ക് ലഭിക്കാത്തതും, കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യത, ഇന്ധന ക്ഷാമം മൂലം കാര്യമായി കുറഞ്ഞതുമാണ് മുഖ്യകാരണങ്ങൾ. കാലവർഷവും തുലാവർഷവും കുറഞ്ഞതിനാൽ ജലസംഭരണികളിൽ പകുതിയോളം മാത്രമേ വെള്ളം സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. കേന്ദ്ര പൂളിൽനിന്ന് അലോക്കേറ്റഡ് ഷെയറായ 1041 MWന് പകരം 600-700 MW മാത്രമാണ് ഇപ്പോൾ ലഭിച്ചു വരുന്നത്. കൂടാതെ മൂഴിയാറിൽ അപകടം സംഭവിച്ചതിനാൽ പൂർണ്ണതോതിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇവ കേരളത്തിൽ വൈദ്യുതി പ്രതിസന്ധി ഉണ്ടാക്കിയതിനാലാണ് ലോഡ്ഷെഡ്ഡിംഗും വൈദ്യുതി നിയന്ത്രണവും ഏർപ്പെടുത്തിയത്. |
| (സി) | ഇവ ഏർപ്പെടുത്തിയശേഷം ജല വൈദ്യുത പദ്ധതികളുടെ ജലസംഭരണികളിൽ നിന്നും വെള്ളം ഒഴുക്കിക്കളഞ്ഞിട്ടുണ്ടോ; | (സി) (ഡി) (ഇ) & (എഫ്) | ജലസംഭരണികളിൽ നിന്നും വെള്ളം ഒഴുക്കികളഞ്ഞിട്ടില്ല. എന്നാൽ താരതമ്യേന ചെറിയ റിസർവ്വയറുകളുടെ ശേഷിക്കുറവുകാരണം ജൂലൈ മാസം മുതൽ ഡാമിന്റെ/ റിസർവ്വയറുകളുടെ സുരക്ഷയെമാനിച്ച് മഴക്കാലത്ത് വെള്ളം തുറന്നുവിടേണ്ടിവന്നിട്ടുണ്ട്. ആകെ 105 ദശലക്ഷം |
| (ഡി) | എങ്കിൽ ഏതെല്ലാം പദ്ധതികളുടെ സംഭരണികളിൽ നിന്നാണ് വെള്ളം ഒഴിക്കിക്കളഞ്ഞത്; | | |
| (ഇ) | അതിനുള്ള കാരണം എന്തായിരുന്നു; | | |

(എഫ്) എത്രയൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളമാണ് ഇപ്രകാരം ഒഴുക്കിക്കളഞ്ഞത്; വ്യക്തമാക്കാമോ ?

യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഇങ്ങനെ തുറന്നു വിടേണ്ടി വന്നിട്ടുണ്ട്. മഴ കൂടുതൽ ലഭിച്ച കഴിഞ്ഞ വർഷം ഇതേ സ്ഥാനത്ത് റിസർവ്വയറുകളുടെ സുരക്ഷയെക്കരുതി 1053 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളം തുറന്നു വിടേണ്ടി വന്നിട്ടുണ്ട്. വലിയ ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി, എന്നിവയിൽ നിന്നുള്ള വെള്ളം തുറന്നുവിടേണ്ടി വന്നിട്ടില്ല.

K G Meera Rani

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 112 — 27.11.2008-ൽ മറുപടിക്ക്

## ഫിഷറീസ് യൂണിവേഴ്സിറ്റി

**ചോദ്യം** — **മറുപടി**

ശ്രീ.എ. പ്രദീപ്കുമാർ
ശ്രീ.പി. വിശ്വൻ
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി
ശ്രീ. സി.എച്ച്. കുഞ്ഞമ്പു
ശ്രീ. സി.കെ.സദാശിവൻ

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. പ്രസ്തുത റിപ്പോർട്ട്, മത്സ്യ-സമുദ്ര ശാസ്ത്ര പഠനം സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകുന്നു. കൂടാതെ സംസ്ഥാന തലത്തിലും, ദേശീയ തലത്തിലും അന്താരാഷ്ട്രതലത്തിലുമുള്ള കാഴ്ചപ്പാട്, ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, ഇന്ത്യയിലെ മത്സ്യ-സാമുദ്രിക പഠനം, സാമ്പത്തിക വളർച്ചയിൽ ഈ മേഖലയ്ക്കുള്ള പങ്ക്, തൊഴിൽ സാദ്ധ്യത എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത റിപ്പോർട്ട്. |
| ബി) യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു മൂലം മത്സ്യബന്ധന മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു; | ബി) കേരളത്തിലെ മത്സ്യമേഖലയുടെ അനന്തമായ സാധ്യതകളും ഈ മേഖലയുടെ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടാണ് യൂണിവേഴ്സിറ്റി കേരളത്തിൽ തന്നെ സ്ഥാപിക്കാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രധാന സാമ്പത്തിക സ്രോതസ്സായ മത്സ്യമേഖലയുടെ ഉന്നമനമാണ് ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുന്നതിന്റെ പ്രധാന ലക്ഷ്യം. മത്സ്യബന്ധന മേഖലയിൽ സാങ്കേതിക മികവ് ഉണ്ടാക്കുന്നതിനും ദീർഘ വീക്ഷണത്തോടുകൂടിയ ഗവേഷണ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വിദേശ നാണ്യം നേടിയെടുക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിത ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനും ഈ സർവ്വകലാശാല സ്ഥാപിക്കുന്നതുവഴി സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. |
| സി) യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | സി) കേരളത്തിൽ ഫിഷറീസ് സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്താൻ നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിന്റെ പകർപ്പ് 11-8-08 ൽ കേന്ദ്ര സർക്കാരിനും (Ministry of Earth Science), ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് (ICAR) നും, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാനും ആവശ്യമായ സാമ്പത്തിക സഹായം നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 113 — 27.11.2008-ലെ മറുപടിക്ക്.

## കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കാർഷികരംഗത്തെ പെൻഷൻ, ഇൻഷ്വറൻസ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് മേഴ്സിയർ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസ് വകുപ്പു മന്ത്രി) |
| (എ) കാർഷിക രംഗത്തെയും വിവിധ അസംഘടിത മേഖലയിലെയും തൊഴിലാളികൾക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിവിധ പെൻഷൻ പദ്ധതികളും ക്ഷേമപദ്ധതികളും ഏതെല്ലാമെന്ന് വിശദമാക്കുമോ;<br><br>(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നുവെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും വ്യക്തമാക്കുമോ; | (എ & ബി) തൊഴിൽ വകുപ്പിനുകീഴിൽ കാർഷിക രംഗത്തെയും വിവിധ അസംഘടിത മേഖലയിലെയും തൊഴിലാളികൾക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പെൻഷൻ പദ്ധതികൾ ഇല്ല. പ്ലാനിംഗ് കമ്മീഷൻ മാനദണ്ഡപ്രകാരമുള്ള 11.79 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്രാവിഷ്കൃത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ 'ആർ.എസ്സ്.ബി.വൈ. പ്രകാരം' ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. 3:1 ക്രമത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതി ചിലവ് വഹിക്കുന്നു. ഈ പദ്ധതി നടപ്പാക്കി വരുന്നതേയുള്ളൂ. രാജ്യത്തെ ഗ്രാമീണ ഭൂരഹിത കുടുംബങ്ങളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി യായ 'ആം ആദ്മി ബീമ യോജന' സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചു. ഉദ്ദേശം 6.5 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ്പരിരക്ഷ ലഭിക്കും എന്നു കണക്കാക്കുന്നു. ഈ പദ്ധതിയും നടപ്പിലാക്കിവരുന്നതേയുള്ളൂ. കേന്ദ്രസർക്കാർ ബീഡി തൊഴിലാളികൾക്കായി 'റീവൈസ്ഡ് ഇന്റഗ്രേറ്റഡ്ഹൗസിംഗ് സ്കീം' എന്ന ഒരു ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി. |

വരുന്നു. ഇതു പ്രകാരം അർഹരായ ബീഡി തൊഴിലാളികൾക്ക് 40,000/- രൂപ കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നു. ഇതുവരെ 1500 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) സുഗന്ധ വ്യഞ്ജനകൃഷി ഉൾപ്പെടെയുള്ള കാർഷിക രംഗത്തുള്ളവർക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ പുതിയ പദ്ധതിയിലൂടെ കേരളത്തിൽ എത്രപേർക്ക് പ്രയോജന ലഭിക്കുമെന്നാണ് കണക്കാക്കുന്ന തെന്ന് അറിയിക്കാമോ ?

(സി & ഡി) വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെകീഴിലുള്ള പ്രൈസ് സ്റ്റേബിലൈസേഷൻ ട്രസ്റ്റ് ഫണ്ടിന്റെ അഭിമുഖ്യത്തിൽ ഏലം , കുരുമുളക്, മഞ്ഞൾ, ഇഞ്ചി, മുളക് എന്നീ മേഖലയിലെ കർഷകർക്ക് ധനസഹായം നൽകുന്നതിനായി പേഴ്സണൽ ആക്സിഡന്റ് സ്കീം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ- ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T * 114. 27.11.2008- ൽ മറുപടിയ്ക്ക്

## തീരദേശമേഖല പരിപാലന നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.കെ.കുഞ്ഞിരാമൻ :<br>ശ്രീ.എ.പ്രദീപ് കുമാർ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കേന്ദ്രസർക്കാരിൻെറ തീരദേശമേഖല പരിപാലന നിയമം സംബന്ധിച്ച വിജ്ഞാപനം തീരപ്രദേശങ്ങളിൽ താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ എങ്ങനെ ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) തീരദേശപരിപാലന നിയമത്തിൻെറ കരട് വിജ്ഞാപനമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. അന്തിമ വിജ്ഞാപനമായിട്ടില്ല. കരട് വിജ്ഞാപനത്തെക്കുറിച്ച് അറിഞ്ഞപ്പോൾതന്നെ സർക്കാർ മത്സ്യബന്ധന മേഖലയിലെ വിവിധ സംഘടനാ പ്രതിനിധികളെ പങ്കെടുപ്പിച്ചു ചർച്ച നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ മത്സ്യബന്ധനമേഖലയുടെ ആശങ്കയും അഭിപ്രായങ്ങളും കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തു. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെ യോഗത്തിലുണ്ടായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സംസ്ഥാന ശാസ്ത്രസാങ്കേതിക വകുപ്പ് ക്രോഡീകരിച്ചിട്ടുമുണ്ട്. |

| | |
|---|---|
| (ബി) തീരദേശങ്ങളിൽ ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ, ടൂറിസം വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ അനുവദിക്കുകയും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുന്നതുമായ നയം തിരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; | (ബി) നിലവിൽ ഇത് പരിശോധിക്കുന്നത് ശാസ്ത്രസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള കേരള തീരദേശപരിപാലന സമിതിയാണ്. ഇക്കാര്യത്തിൽ ഏകോപിത നടപടികൾ ശാസ്ത്രസാങ്കേതിക വകുപ്പ് കൈക്കൊണ്ടുവരുന്നു. ഫിഷറീസ് വകുപ്പിൻെറ അഭിപ്രായം 28-6-2008 - ന് ആ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (സി) നിയമം നടപ്പാക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) ഉണ്ട്. മത്സ്യബന്ധനമേഖലയിലെ വിവിധ സംഘടനാ പ്രതിനിധികളെ പങ്കെടുപ്പിച്ച് ചർച്ച നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ ഉയർന്നുവന്ന ആശങ്കകളും അഭിപ്രായങ്ങളും കണക്കിലെടുത്ത് സംസ്ഥാനസർക്കാരിൻെറ നിർദ്ദേശങ്ങൾ 26-6-2008 - ന് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീരദേശ മാനേജ്മെൻറ് നിയമത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ച് സംസ്ഥാനസർക്കാർ 23-8-2007 - ൽ തന്നെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിൻെറ ചുമതലയുള്ള ശ്രീ.നമോ നാരാണയൺ മീണക്ക് കത്തെഴുതുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ- ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 115. 27.11.2008- ൽ മറുപടിയ്ക്ക്

## തീരദേശവികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ടി.അഹമ്മദ് അലി : | ശ്രീ. എസ്. ശർമ്മ (ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം വികസന ക്ഷേമപദ്ധതികളാണ് ഇപ്പോൾ നടപ്പാക്കി വരുന്നത് ; പുതിയതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര തീരദേശ വികസന പദ്ധതിയിൽ ക്ഷേമപദ്ധതികൾ ഒന്നുംതന്നെയില്ല. തീരദേശമേഖലയുടെ അടിസ്ഥാനസൗകര്യവികസനമാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. <br> സമഗ്ര തീരദേശ വികസന പദ്ധതിയുടെ ഭാഗമായി 2007-08 വർഷത്തിൽ 627 ലക്ഷം രൂപ കാസർഗോഡ് ജില്ലയിൽ അടിസ്ഥാനസൗകര്യവികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ കുടിവെള്ള വിതരണം (8 പദ്ധതികൾ), തീരദേശ റോഡുകൾ (4 പദ്ധതികൾ), ഫിഷ് ലാൻറിംഗ് സെൻററുകൾ (4 പദ്ധതികൾ), ഫിഷറീസ് സ്കൂളുകളുടെ നവീകരണം (2 പദ്ധതികൾ), മത്സ്യവിജ്ഞാനകേന്ദ്രങ്ങൾ (3 പദ്ധതികൾ), ഫിഷ്മാർക്കറ്റുകൾ (3 പദ്ധതികൾ), ഗൈഡ് ലൈറ്റുകൾ (2 പദ്ധതികൾ), ബയോഗ്യാസ് പ്ലാൻറ് (1 പദ്ധതി) എന്നിങ്ങനെ 27 സബ് പ്രോജക്റ്റുകളുടെ നിർവ്വഹണം വിവിധ ഏജൻസികൾ വഴി ത്വരിതഗതിയിൽ നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | നടപ്പ് സാമ്പത്തികവർഷം (2008-09) സമഗ്ര തീരദേശ വികസന പദ്ധതി കണ്ണൂർ ജില്ല യിൽ നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികളിലെ ഓരോ ന്നിലെയും കേന്ദ്ര വിഹിതം എത്ര ; സംസ്ഥാന വിഹിതം എത്ര ? | (ബി) സമഗ്ര തീരദേശ വികസന പദ്ധതി പൂർണ്ണ മായും സംസ്ഥാനവിഹിതം വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 116** **27.11.2008-ലെ മറുപടിക്ക്.**

## ആം ആദ്മി ബീമാ യോജന പദ്ധതി

**ചോദ്യം**

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. എൻ. അനിരുദ്ധൻ
,, എ.കെ. ചന്ദ്രൻ
,, കെ. രാജു
,, ബാബു പോൾ

(എ) ഭൂരഹിത കുടുംബങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന ആം ആദ്മി ബീമാ യോജന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസ് വകുപ്പു മന്ത്രി)

(എ) ആം ആദ്മി ബീമാ യോജന സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം താഴെപറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്;

I ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ:-

i) സ്വാഭാവിക മരണം - 30,000/- രൂപ.
ii) അപകട മരണം - 75,000/- രൂപ.
iii) അപകടം മൂലം പൂർണ്ണമായ/ സ്ഥിരമായ അംഗവൈകല്യം - 75,000/- രൂപ.
iv) അപകടം മൂലം ഉണ്ടാകുന്ന അംഗവൈകല്യം (ഒരു കണ്ണ്, ഒരു കാല്/കൈയ്യ്/ അവയവം നഷ്ടപ്പെടുക) - 37,500/- രൂപ.
v) അപകടം മൂലം രണ്ടു കണ്ണുകളോ, രണ്ടു അവയവമോ അല്ലെങ്കിൽ ഒരു കണ്ണും ഒരു അവയവവും നഷ്ടപ്പെടുക. - 75,000/- രൂപ.

II സ്കോളർഷിപ്പ് ആനുകൂല്യം:-

ഓരോ കുടുംബത്തിലും 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പരമാവധി രണ്ടു കുട്ടികൾക്ക് മാസംതോറും 100/- രൂപാ

| | |
|---|---|
| | നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. ഓരോ വർഷവും ജനുവരി ഒന്നാം തീയതിയും ജൂലൈ ഒന്നാം തീയതിയും ആറു മാസത്തെ തുക ഒന്നായി നലകുന്നതാണ്. |
| (ബി) ഈ പദ്ധതി പ്രകാരം അടയ്ക്കേണ്ട പ്രീമിയം എത്രയാണ്; ഇതിൽ സംസ്ഥാന വിഹിതം എത്ര; | (ബി) വാർഷികപ്രീമിയം തുക 200 രൂപയാണ്. ഇതിൽ 100/- രൂപ കേന്ദ്രസർക്കാരും 100/-സംസ്ഥാനസർക്കാരുമാണ് വഹിക്കേണ്ടത്. |
| (സി) അഞ്ച് സെന്റ് ഭൂമിയുള്ളവരെ ക്കൂടി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇതു മൂലം എത്ര പേർക്ക് കൂടി ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (സി) 5 സെന്റ് വരെ ഭൂമി കൈവശമുള്ളവരും, സംഘടിതമേഖല യിൽ ഒരാൾക്ക്പോലും സ്ഥിരംതൊഴിൽ ഇല്ലാത്തതുമായ കുടുംബങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. 5,19,283 കുടുംബങ്ങൾക്ക് കൂടി ഈ തീരുമാനം വഴി പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. 5,19,283 കുടുംബങ്ങളും ഒരു സെന്റ് ഭൂമിപോലുമില്ലാത്ത 1,35,748 കുടുംബങ്ങളുമടക്കം ആകെ 6,55,069 കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. |

Joseph

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:117</u>** **27-<u>11-2008-ൽ മറുപടിക്ക്</u>**

**<u>ആദിവാസികളുടെ ഭൂമി പ്രശ്നം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. കെ.സി.ജോസഫ് | | ശ്രീ.എ. കെ. ബാലൻ<br>(ബഹു: പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ) | ആദിവാസികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെൻറ് കൊണ്ടു വന്ന വനാവകാശ നിയമം നടപ്പാക്കുന്നതിന് സംസ്ഥാനം എന്തൊക്കെ നടപടികൾ സ്വീകരിച്ചു. ; | ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമത്തിൻെറ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പിന്നോക്ക പട്ടിക സമുദായ ക്ഷേമം, വനംവകുപ്പ്, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പ് മന്ത്രിമാർ 05-02-2008-ൽ യോഗം കൂടുകയും വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൻെറ വിവിധ വശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. 06-02-2008-ൽ വിവിധ ആദിവാസി സംഘടന നേതാക്കളുടെ യോഗം ചേരുകയും നിയമത്തിൻെറ വിവിധ വശങ്ങളും അവ നടപ്പിലാക്കുന്നതിനും നിയമത്തിൻെറ പരിരക്ഷ ഉറപ്പാക്കുന്നതിനും ചെയ്യേണ്ട കാര്യങ്ങളും ചർച്ച ചെയ്യുകയും ചെയ്തു. നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിനായി മന്ത്രിസഭയുടെ അംഗീകാരത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് ഉത്തരവായി. വിശദമായ നിർദ്ദേശങ്ങളടങ്ങിയ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. 11-03-2008-ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആദിവാസി സംഘടന നേതാക്കളുടെ യോഗം ചേരുകയും നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങൾ ആരാഞ്ഞ് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു.<br><br>കേന്ദ്ര നിയമവും ചട്ടങ്ങളും ഇംഗ്ലീഷ് ഭാഷയിൽ ആയതിനാൽ അത് വായിച്ച് മനസ്സിലാക്കുന്നതിന് ആദിവാസികൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് അവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ചെറിയ കൈപ്പുസ്തക രൂപത്തിൽ അച്ചടിച്ച് വ്യാപകമായി വിതരണം ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥ പ്രതിനിധികളെ ഉൾപ്പെടുത്തി RDO/സബ് കളക്ടർ ചെയർമാനായി സബ് ഡിവിഷണൽ കമ്മിറ്റികളും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റികളും ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ഉത്തരവായി. ഗ്രാമസഭകൾ ചേർന്ന് വനാവകാശ സമിതികൾ രൂപീകരിക്കുന്നതിന് |

വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. തുടർന്ന് വനാവകാശ നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരം ഗ്രാമസഭകൾ കൂടുകയും വനാവകാശ സമിതികൾ 26-07-2008-ന് രൂപീകരിക്കുവാൻ തെരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്തു. എന്നാൽ നിയമത്തിൽ നിഷ്ക്കർഷിക്കുന്ന 2/3 ക്വാറം തികയാത്തതിനാൽ പല സ്ഥലങ്ങളിലും വനാവകാശ സമിതികൾ രൂപീകരിക്കാൻ കഴിഞ്ഞില്ല. വാർഡ് തലത്തിൽ ഗ്രാമസഭകൾ വിളിച്ചു ചേർത്ത് വനാവകാശ സമിതികൾ രൂപീകരിക്കുന്നതിനുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ ഗൗരവമായി ചർച്ച ചെയ്തു. വനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിന്റെ പുരോഗതിയും പ്രായോഗിക ബുദ്ധിമുട്ടുകളും 24-07-2008-ൽ ബഹു: പിന്നോക്ക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി, ബഹു: റവന്യൂ വകുപ്പ് മന്ത്രി, ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്നിവരുടെ സംയുക്ത യോഗം ചർച്ച ചെയ്തു. ഗ്രാമസഭ അടിസ്ഥാനത്തിൽ വനാവകാശ സമിതികൾ തെരഞ്ഞെടുക്കുന്നതിന് സാധ്യമല്ലാതെ വന്ന സാഹചര്യത്തിൽ വില്ലേജ് (വാർഡ്) അല്ലെങ്കിൽ ട്രൈബൽ സെറ്റിൽമെന്റ്/ഊരുകൂട്ടം തലത്തിൽ വനാവകാശ സമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. വനാവകാശ സമിതികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്.

കേന്ദ്ര നിയമം നടപ്പിലാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. വനാവകാശം സ്ഥാപിച്ചു കിട്ടുന്നതിന് നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള പൊതു അറിയിപ്പ് സർക്കാർ ഉത്തരവ് തീയതി ആയ 19-09-2008 മുതൽ 15 ദിവസത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അറിയിപ്പ് നൽകി 3 മാസത്തിനുള്ളിൽ തന്നെ അപേക്ഷകൾ സ്വീകരിക്കേണ്ടതുമാണ്. വനാവകാശത്തിന് അപേക്ഷ നൽകുന്നതിന് നിശ്ചിത പ്രൊഫോർമയിലുള്ള ഫാറങ്ങൾ അച്ചടിക്കുകയും ആവശ്യാനുസരണം ഫീൽഡ് ഓഫീസുകളിൽ നേരത്തെ തന്നെ എത്തിക്കുകയും ചെയ്തിട്ടുണ്ട്. ആകാശവാണി വഴി പ്രചരണങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. നിയമം നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വനാവകാശ സമിതികൾക്കും ആവശ്യമായ സഹായം നൽകുന്നതിന് എസ്.റ്റി.പ്രമോട്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രൊമോട്ടർമാർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു. കിർത്താഡ്സ് മുഖാന്തിരമാണ് പരിശീലനം നൽകുന്നത്. വനാവകാശ സമിതി അംഗങ്ങൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് ഉടനെ തന്നെ ആരംഭിക്കും. വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതിന്റെ പുരോഗതി

| | | |
|---|---|---|
| | | വിലയിരുത്താനായി അഡീഷണൽ ചീഫ് സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അപ്രകാരം എല്ലാ ആഴ്ചകളിലും നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി | സംസ്ഥാനത്ത് ആദിവാസികൾ താമസിക്കുന്ന പഞ്ചായത്തുകളിലെ വാർഡുകൾ കേന്ദ്രീകരിച്ച് ഗ്രാമസഭകൾ വിളിച്ചു കൂട്ടി ആദിവാസികൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള അവസാന ദിവസം എന്നായിരുന്നു : | വനാവകാശ സമിതികളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഗ്രാമസഭ അംഗീകരിക്കുന്ന പ്രമേയത്തിന്മേൽ സബ്ഡിവിഷണൽ കമ്മിറ്റികൾ എടുക്കുന്ന തീരുമാനം ജില്ലാതല കമ്മിറ്റികൾ അംഗീകരിക്കുന്ന വേളയിലാണ് ആദിവാസികൾക്ക് ഭൂമി കണ്ടെത്തിയതായി പറയാൻ കഴിയുന്നത്. ജില്ലാതല കമ്മിറ്റികൾക്ക് ഇതിനായി നിശ്ചയിച്ചിട്ടുള്ള അവസാന തീയതി 15-01-2009 ആണ്. |
| സി | അതനുസരിച്ച് ആദിവാസികൾക്കു വേണ്ടി എത്ര ഹെക്ടർ ഭൂമി ഇതുവരെ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ? | സർവ്വെ നടപടികൾ പൂർത്തിയായി വിവരങ്ങൾ ക്രോഡീകരിച്ചു കഴിഞ്ഞാൽ മാത്രമെ ആദിവാസികൾക്ക് വേണ്ടി കണ്ടെത്തുന്ന ഭൂമിയുടെ അളവ് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 116</u>

27<u>.11.2008-ൽ മറുപടിക്ക്</u>

## <u>തീരക്കടലിൽ മത്സ്യബന്ധനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.എൻ. അനിരുദ്ധൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് വിദേശ ട്രോളറുകളെ നിയന്ത്രിച്ചുകൊണ്ടുള്ള നിയമ നിർമ്മാണം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | കേരള സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള ടെറിട്ടോറിയൽ അതിർത്തിക്കുള്ളിൽ ( കരയിൽ നിന്ന് 22 കിലോ മീറ്ററിനുള്ളിൽ) വിദേശ ട്രോളറുകൾ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നത് സംസ്ഥാന സർക്കാർ അനുവദിക്കാറില്ല. നിലവിലുള്ള കെ.എം.എഫ്.ആർ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഇതിനെതിരെ നടപടികളെടുക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ഇതിനായി കൂടുതൽ എന്തെങ്കിലും നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 119 27.11.2008-ൽ മറുപടിയ്ക്ക്

വ്യവസായങ്ങൾക്ക് പവർകട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായങ്ങൾക്ക് എന്നു മുതലാണ് പവർകട്ട് ഏർപ്പെടുത്തിയത് ; | (എ) സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 24.07.2008-ലെ ഉത്തരവുപ്രകാരം 25.07.2008 മുതൽ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് മുൻവർഷത്തെ പ്രതിമാസ ശരാശരി ഉപഭോഗത്തിന്റെ 25% വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി. പിന്നീട് 06.10.2008 -ലെ കമ്മീഷന്റെ ഉത്തരവുപ്രകാരം 15.10.2008 മുതൽ മേൽപറഞ്ഞ നിയന്ത്രണം 20% ആയി നിജപ്പെടുത്തുകയും ചെയ്തു. |
| (ബി) പവർകട്ട് ഏർപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ വൈദ്യുതി ബോർഡിനു ഉണ്ടാകുമായിരുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി) വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ പ്രതിദിനം 2.81 ദശലക്ഷം യൂണിറ്റ് അധിക വൈദ്യുതി ഉപഭോഗം ഉണ്ടാകുമായിരുന്നു. ഇത് എൻ.ടി.പി.സി.കായംകുളം, ബി.എസ്.ഇ.എസ്. കൊച്ചി, കെ.പി.സി.എൽ കാസർഗോഡ്, കെ.എസ്.ഇ.ബി നിലയങ്ങളായ ബി.ഡി.പി.പി.ബ്രഹ്മപുരം, കെ.ഡി.പി.പി കോഴിക്കോട് എന്നി |

ദ്രവ ഇന്ധനനിലയങ്ങളിൽനിന്ന് ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടിവരികയും ഇതിന്റെ പൂർണ്ണ ബാദ്ധ്യത ബോർഡ് ഏറ്റെടുക്കേണ്ടിവന്നിരുന്നുവെങ്കിൽ പ്രതിദിനം 2.14 കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാവുകയും ചെയ്യുമായിരുന്നു.

| | | | |
|---|---|---|---|
| (സി) | 2008 ജനുവരി 1 മുതൽ വ്യവസായങ്ങൾക്ക് പവ്വർകട്ട് ഏർപ്പെടുത്തുന്നതുവരെ എത്ര തുകയ്ക്കുള്ള വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡ് അന്യസംസ്ഥാനങ്ങൾക്കും, കേന്ദ്ര ഏജൻസികൾക്കും വിറ്റിട്ടുണ്ട് ; | (സി) | 2008 ജനുവരി 1 മുതൽ 2008 ജൂലൈ 31 വരെ ബി.എസ്.ഇ.എസ്., ആർ.ജി.സി.സി.പി.പി., കായംകുളം എന്നീ താപനിലയങ്ങളിൽനിന്നും 626.59 കോടി രൂപയുടെ വൈദ്യുതി വാങ്ങിയിട്ടുണ്ട്. അതിൽ നിന്നും 463.89 കോടി രൂപയുടെ വൈദ്യുതി എൻ.ടി.പി.സി വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡിന് വിറ്റിട്ടുണ്ട്. |
| (ഡി) | ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നത് എന്ത് വിലയ്ക്കാണ് ? | (ഡി) | സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി 2008 മേയ് മുതൽ കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിക്കുപുറമേ 'എഫ്' ക്ലാസ് ട്രേഡർമാർ മുഖേന അന്യസംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതിയുടെ നിരക്കിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം

| മാസം | ട്രേഡർ | നിരക്ക് (യൂണിറ്റൊന്നിന് രൂപ) |
|---|---|---|
| മേയ് | എൻ.വി.വി.എൻ | 6.11 |
| ജൂൺ | എൻ.വി.വി.എൻ | 6.99 |
| | എൻ.വി.വി.എൻ (സ്വാപ്പ്) | |
| ജൂലൈ | പി.റ്റി.സി | 7.80 |
| ആഗസ്റ്റ് | റ്റി.പി.റ്റി.സി.എൽ | 8.64 |
| | എൻ.വി.വി.എൻ | 8.30 |
| സെപ്റ്റംബർ | എൻ.വി.വി.എൻ | 8.33 |
| | റ്റി.പി.റ്റി.സി.എൽ | 8.48 |
| ഒക്ടോബർ | എൻ.വി.വി.എൻ | 8.07 |
| | റ്റി.പി.റ്റി.സി.എൽ | 4.90 |

(ചുരുക്കപ്പേരിന്റെ വിശദാംശങ്ങൾ:
എൻ.വി.വിഎൻ : എൻ.ടി.പി.സി വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ്.
പിറ്റി.സി: പവർ ട്രേഡിംഗ് **കോപ്പറേഷൻ**
**റ്റി.പി.റ്റി.സി.എൽ. ടാറ്റാ പവർ ട്രേഡിംഗ് കമ്പനി ലിമിറ്റഡ്)**

മേൽപ്പറഞ്ഞ നിരക്കുകൾ ഓപ്പൺഅക്സസ്ചാർജ്ജും ഉൾപ്പെട്ടതാണ്.(വാങ്ങുന്ന വൈദ്യുതിക്ക് പകരം വൈദ്യുതി നൽകുന്ന സംവിധാനമാണ് സ്വാപ്പ് സംവിധാനം)

ജൂൺമാസത്തിൽ എൻ.വി.വി.എൻ മുഖേന സ്വാപ്പ് സംവിധാനത്തിൽ വാങ്ങിയ വൈദ്യുതിക്ക് ട്രേഡിംഗ് മാർജിനും (യൂണിറ്റൊന്നിന് 4 പൈസ), ഓപ്പൺ അക്സസ് ചാർജ്ജും ബാധകമാണ്. ഇങ്ങനെ വാങ്ങിയ വൈദ്യുതി 1.10.2008 - മുതൽ തിരികെ നൽകിവരുന്നു.

പവർ എക്സ്ചേഞ്ചിൽ നിന്നും 10.80 രൂപ വരെ വിലയുള്ള വൈദ്യുതി വൈദ്യുതി ബോർഡ് വാങ്ങിയിട്ടുണ്ട്. ഇപ്പോൾ അതാതു ദിവസങ്ങളിലെ ലഭ്യതയ്ക്കനുസരിച്ചും പവർ എക്സ്ചേഞ്ചിൽ വിൽക്കുന്ന വിലയ്ക്കനുസരിച്ചും വൈദ്യുതി വാങ്ങുന്നുണ്ട്. ഏകദേശം 9 രൂപയ്ക്കുള്ള വൈദ്യുതിയാണ് ഇപ്പോൾ വാങ്ങുന്നത്.

K.Meera Rani

സെക്ഷൻ ഓഫീസർ

R.S/

## പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 120 — 27.11.2008 ൽ മറുപടിയ്ക്ക്.

## സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ

ചോദ്യം

**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കെ.ടി. ജലീൽ**
**ശ്രീമതി. കെ. എസ്. സലീഖ**
**ശ്രീമതി.കെ.കെ. ലതിക.**

ഉത്തരം

**ശ്രീ. പാലോളി മുഹമ്മദ് കുട്ടി.**
**(തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി.)**

| | | | |
|---|---|---|---|
| (എ) | സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പഠിക്കുന്നതിന് നിയമിച്ച കമ്മിററിയുടെ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്; | (എ) | സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പഠിക്കുന്നതിന് നിയമിച്ച ശ്രീ. പാലോളി മുഹമ്മദ് കുട്ടി കമ്മിററിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ശുപാർശകൾ നടപ്പാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | സച്ചാർ കമ്മിററി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ശ്രീ.പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ കമ്മിററി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിററിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സെക്രട്ടേറിയററിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സെൽ ഘട്ടം ഘട്ടമായി വിപുലീകരിച്ച് സെക്രട്ടേറിയററിൽ ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേററുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ളർക്ക് തസ്തിക വീതം |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനും മുസ്ളീം പെൺകുട്ടികൾക്ക് ബിരുദ - ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് മെരിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ പ്രതിവർഷം യഥാക്രമം 3000, 4000, 5000 രൂപ നിരക്കിൽ മൊത്തം 5000 സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിനും, മുസ്ളീം പെൺകുട്ടികൾക്ക് ഹോസ്റ്റലിൽ താമസിച്ച് കോളേജുകളിലും മൽസരപരീക്ഷകൾക്കും പഠിക്കുന്നതിന് മെറിറ്റ്-കം-മീൻസ് അടിസ്ഥാനത്തിൽ സ്റ്റൈപൻറ് അനുവദിക്കുന്നതിനും, സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, മദ്രസ്സാ അദ്ധ്യാപകർക്ക് ക്ഷേമനിധി വഴി പെൻഷൻ അനുവദിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. ക്ഷേമനിധി ഫണ്ട് സ്വരൂപിക്കുന്നതിൻെറ ഭാഗമായി കരുതൽ ധനമായി ഈ വർഷം രണ്ട് കോടിരൂപ സർക്കാർ നൽകുന്നതാണ്. ക്ഷേമനിധി പെൻഷൻ നടത്തിപ്പിനായി ഒരു മാനേജർ, ഒരു അക്കൗണ്ടൻറ്, രണ്ട് അസിസ്റ്റൻറുമാർ, ഒരു പ്യൂൺ എന്നിവരടങ്ങുന്ന ഒരു സംവിധാനം രൂപീകരിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബജററിൽ ജൂലൈ, 2008-ലെ ഉപധനാഭ്യർത്ഥന വഴി 2225-03-800-93 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പത്ത് കോടി രൂപ ടി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്. മതിയാം വണ്ണം വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ദഖ്നി, കച്ച്, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ചേർക്കുന്ന കാര്യത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | മദ്രസ അദ്ധ്യാപകർക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ക്ഷേമനിധിയുടെ വിശദാംശം വെളിപ്പെടുത്താമോ; | (സി) | മദ്രസ്സാദ്ധ്യാപകർക്ക്, അദ്ധ്യാപകരുടെയും മദ്രസ്സകളുടെയും വിഹിതത്തോട് വഖഫ് ബോർഡിന്റെ വിഹിതവും ചേർത്താണ് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നത്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന മദ്രസ്സാ അദ്ധ്യാപകർ, അവരെ നിയമിക്കുന്ന മദ്രസ്സ/പള്ളി കമ്മിററികൾ എന്നിവയുടെ പ്രതിമാസ വിഹിതം, സംസ്ഥാന വഖഫ് ബോർഡിൽ നിന്ന് ലഭിക്കാവുന്ന പ്രതിവർഷ സഹായം എന്നിവ വഴിയാണ് ക്ഷേമനിധി ഫണ്ട് സ്വരൂപിക്കുന്നത്. ഇതിന്റെ നടത്തിപ്പിനായി സർക്കാർ കരുതൽ ധനമായി ഈ വർഷം രണ്ട് കോടി രൂപ നൽകുന്നതാണ്. ക്ഷേമനിധി പെൻഷൻ നടത്തിപ്പിനായി ഒരു മാനേജർ, ഒരു അക്കൗണ്ടന്റ്, രണ്ട് അസിസ്റ്റന്റുമാർ, ഒരു പ്യൂൺ എന്നിവരടങ്ങുന്ന ഒരു സംവിധാനം രൂപീകരിക്കുന്നതാണ്. |
| (ഡി) | മദ്രസ്സകളിൽ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) | മദ്രസ്സകളിൽ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നു എന്ന് കണക്കാക്കി വരുന്നു. |
| (ഇ) | മുസ്ലീം പെൺകുട്ടികൾക്ക് ബിരുദ, ബിരുദാനന്തര പഠനത്തിന് സ്കോളർഷിപ്പും ഹോസ്റ്റൽ സ്റ്റൈപെന്റും നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ഇ) | മുസ്ലീം പെൺകുട്ടികൾക്ക് ബിരുദ - ബിരുദാനന്തര പഠനത്തിന് സ്കോളർഷിപ്പും ഹോസ്റ്റൽ സ്റ്റൈഫന്റും നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ എത്രപേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും എന്ന് കണക്കാക്കി യിട്ടുണ്ടോ; | (എഫ്) | ഈ വർഷം 5000 പേർക്ക് സ്കോളർഷിപ്പിൻെറയും 2000 പേർക്ക് ഹോസ്റ്റൽ സ്റ്റൈപെൻറിൻേറയും പ്രയോജനം ലഭിക്കുന്നതാണ്. |
| (ജി) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് രൂപീകരിക്കും എന്ന് അറിയിക്കുമോ? | (ജി) | ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള ന്യൂനപക്ഷ സെൽ ഘട്ടം ഘട്ടമായി വികസിപ്പിച്ച് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

1. സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പിന് രൂപം നൽകുക. വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന സമാനമായുള്ള കാര്യങ്ങളെ ഈ വകുപ്പിലേക്ക് ഏകോപിപ്പിക്കുക. ഇതിന്റെ ജില്ലാതല ഭരണ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുക.

2. മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികളുടെ ഭാഗമായി വകുപ്പ് രൂപീകരണത്തിന് മുന്നോടിയായി സംസ്ഥാന സെക്രട്ടറിയേറ്റിൽ ന്യൂനപക്ഷ ക്ഷേമ സെൽ രൂപീകരിക്കുക.

3. മദ്രസ്സാ അധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിന് സർക്കാർ ഒരു കോടി രൂപ ഗ്രാന്റ് നൽകുക. പ്രതിവർഷം ഒരു കോടി രൂപയെങ്കിലും പ്രവർത്തന ഗ്രാന്റ് അനുവദിക്കുക.

4. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശങ്ങൾ എസ്.സി/എസ്.ടി പദ്ധതി നിർവ്വഹണം പോലെ സത്വര വേഗതയിൽ നടപ്പിലാക്കുക.

5. ന്യൂനപക്ഷ പാക്കേജ് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി ഉടനെ നടപ്പാക്കുക. ഇതിനാവശ്യമായ നടപടി കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപ്പിൽ വരുത്തുക.

6. മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിഷയത്തിൽ അടിയന്തിര പരിഗണന നൽകുക. ആവശ്യമായ തുക അനുവദിക്കുക.

7. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അടിയന്തിര പരിഗണന നൽകുക.

8. സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയും കമ്മറ്റി പ്രവർത്തനവും ഉടനടി ആരംഭിക്കുക. താത്കാലിക നിയമനങ്ങൾക്ക് ഉടൻ നടപടി സ്വീകരിക്കുക

9. ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ചേർക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുക.

10. തീരദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിപാടികൾക്കു രൂപം നൽകുക.

Sd/-